
നവംബർ 2021 (1197 തുലാം -വൃശ്ചികം)

# സായിമഹിമ

www.saigramamaglobalvillage.org saigramam


ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് കേരള

## ഭഗവാൻ ശ്രീ സത്യസായി ബാബയുടെ 96-ാമത് ജന്മദിനാഘോഷവും സമൂഹവിവാഹവും സായിഗ്രാമത്തിൽ



# Om sai ram

*Be in the world
But let not the
world be in you.*




## ഭഗവാൻ

ഇതൊരു വിനീത സംരംഭമാണ്. ഒരു വലിയ സ്വപ്നത്തിന്റെ എളിയ സാക്ഷാത്ക്കാരം.
അങ്ങയോടൊത്ത്, അങ്ങു നയിച്ച്, അജ്ഞതയിൽ നിന്നുമകലാൻ എന്നെന്നുമാഗ്രഹിക്കുക.
ഇത് മുടങ്ങാതെ അവിരാമ സേവനത്തിന് കർമ്മോർജ്ജമാക്കി മാറ്റുക.
ഇത് സായിയുഗം: പ്രപഞ്ച പരിണാമ സർഗ്ഗക്രിയാസാരമാണ് പ്രഭോ, അങ്ങ്.
അഹങ്കാരത്തിന്റെ അണുബാധയേൽക്കാതെ ഞങ്ങളുടെ അന്തഃരംഗത്തെ എപ്പോഴും കാത്തുകൊള്ളണമേ!

## ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് പ്രത്യേകതകൾ

1. സമസ്ത ലോകാഃ സുഖിനോഭവന്തു എന്നതാണ് മുദ്രാവാക്യം
2. ജാതി മത വർഗ്ഗ വർണ്ണ ഭേദങ്ങളില്ല.
3. കക്ഷി രാഷ്ട്രീയത്തിന് അതീതമാണ്.
4. സർക്കാരിന്റെ എല്ലാ നിയമനിർദ്ദേശങ്ങളും പരിപൂർണ്ണമായി പാലിക്കുന്നു.
5. സുമനസ്കരായവരുടെ സഹകരണമാണ് ശക്തി.
6. രസീത് കുറ്റിയുമായി പണപ്പിരിവിന് നടക്കുന്നില്ല.
7. ഹിന്ദു ഹിന്ദുവായും ക്രിസ്ത്യാനി ക്രിസ്ത്യാനിയായും മുസൽമാൻ മുസൽമാനായും വളരുന്നു.
8. ആൺകുട്ടികൾക്ക് പഠനസൗകര്യം നൽകി തൊഴിൽ ലഭ്യമാകുന്നതു വരെ സംരക്ഷിക്കുന്നു.

Your donations are eligible for IT exemption under 80(G).
We also accept Foreign cheques and drafts



സായിമഹിമ
2021 നവംബർ, പുസ്തകം 15, ലക്കം 72, വില 10 രൂപ

## ഉള്ളടക്കം


- ശ്രീ സായി സത്ചരിതം | 5
- സായിനികേതൻ | 9
- ഗാന്ധിമാർഗ്ഗം | 12
- സായി സംഗീതോത്സവം - 2021 | 14


Chief Editor
K.N. Anandakumar

Editorial Board Chief
K. Jayakumar IAS (Retd.)

Editorial Board Member
Dr. P. Madhusoodanan Pillai

Layout & Design
Sajan Kallada

വാർഷിക വരിസംഖ്യ: 100 രൂപ
ആജീവനാന്ത വരിസംഖ്യ : 1000 രൂപ



# പ്രകൃതി നശീകരണമെന്ന ഈശ്വരനിന്ദ

ഏതാനും ദിവസങ്ങൾക്കു മുൻപ് കേരളത്തിലെ ചില ജില്ലകളിൽ  കാലം തെറ്റിപ്പെയ്ത ശക്തമായ മഴ വലിയ നാശനഷ്ടങ്ങൾ വരുത്തിത്തീർത്തു. 2018ലെ പ്രളയത്തിൽ നിന്ന് സംസ്ഥാനഭരണകൂടം കുറെ പാഠങ്ങൾ പഠിച്ചത് കൊണ്ടും, ജാഗ്രതാ സംവിധാനങ്ങൾ മെച്ചപ്പെടുത്തിയിരുന്നത് കൊണ്ടും, മുന്നറിയിപ്പുകൾ കൃത്യമായി ലഭിച്ചതുകൊണ്ടുമൊക്കെ നഷ്ടങ്ങളുടെ തോത് നല്ലൊരളവിൽ കുറയ്ക്കാനായി. എങ്കിലും നാൽപ്പതുപേർ മരണപ്പെട്ടു. അനേകം കുടുംബങ്ങൾക്ക് വീടും, കൃഷിയും, കൃഷി സ്ഥലവും എല്ലാം നഷ്ട്ടപ്പെട്ടു. അങ്ങ് വടക്ക് ഉത്തരാഖണ്ഡിലുമുണ്ടായി അതിവൃഷ്ടിയും കെടുതികളും ജീവാപായവും. പ്രകൃതിയിൽ വ്യക്തമായ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നത് തർക്കമില്ലാത്ത കാര്യമാണ്. സാധാരണ മനുഷ്യർക്ക് പോലുമറിയാം  മഴയുടെ സ്വഭാവത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ. ചുഴലിക്കാറ്റുകളുടെ തോതിലും പ്രഹര ശേഷിയിലും വന്നിട്ടുള്ള മാറ്റങ്ങൾ. തീരദേശത്ത് താമസിക്കുന്ന വർക്കറിയാം കടലിന്റെ സ്വഭാവത്തിൽ വന്ന മാറ്റങ്ങൾ. ഒരു ദിവസത്തെ കനത്ത മഴയിൽ തന്നെ തോടുകളും പുഴകളും  കരകവിയുകയും താണ പ്രദേശങ്ങളെല്ലാം മുങ്ങിപ്പോവുകയും ചെയ്യുന്നു. ചൂട് വർധിക്കുന്നു. മഞ്ഞു കാലത്തിനു കുളിരുനഷ്ടപ്പെടുന്നു. 'ഭൂമിക്കൊരു ചരമഗീതം' എഴുതിയ നമ്മുടെ വരിഷ്ട  കവി ഒ.എൻ.വി.കുറുപ്പ്  ഈ വിപരീതാവസ്ഥകളെ ഇങ്ങനെ ദീർഘ ദർശനം ചെയ്തു.

കത്തുന്ന സൂര്യന്റെ  കണ്ണുകളിൽ നിന്നഗ്നി
വർഷിച്ചു രോഷമുണരുന്നു.
ആടിമുകിൽമാല  കുടിനീര് തിരയുന്നു
ആതിരകൾ കുളിരു തിരയുന്നു
ആവണികളൊരു കുഞ്ഞുപൂവ് തിരയുന്നു
ആറുകളൊഴുക്കു  തിരയുന്നു!


അങ്ങനെ പ്രകൃതിയുടെ സർഗ്ഗത്താളങ്ങളെല്ലാം തെറ്റിപ്പോയ ഒരു കാലം ആസന്നമായി. ഈ മാറ്റത്തെക്കുറിച്ചു കവികൾ മാത്രമല്ല, ശാസ്ത്രജ്ഞന്മാർ എത്രയോ കാലമായി മുന്നറിയിപ്പ് തന്നുകൊണ്ടിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനമെന്നത് ആരുടെയെങ്കിലും ഭാവനയിലുണ്ടായ ആശയമല്ല. അത് യാതാർത്ഥ്യമായിക്കഴിഞ്ഞു.

സ്വീഡനിലെ ഒരു പെൺകുട്ടി, ഗ്രെറ്റ തുംബുർഗ് ലോകനേതാക്കളോട് 'ഞങ്ങൾക്ക് നാളെ ജീവിക്കേണ്ട ഈ ഭൂമിയെയും അന്തരീക്ഷത്തെയും നശിപ്പിക്കാൻ നിങ്ങൾക്ക് എന്തവകാശമെന്നു ചോദിക്കുകയുണ്ടായല്ലോ. ആ കുട്ടിയെ  അന്നത്തെ അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് പരിഹസിക്കുന്നതും നമ്മൾ കണ്ടു. രണ്ടു വ്യക്തികൾ എന്നതിനേക്കാൾ രണ്ടു മനോഭാവങ്ങളുടെ പ്രതിനിധികളാണിവർ. ആശങ്കയുടെയും അഹന്തയു

ടെയും രണ്ടു വിരുദ്ധ മനോഭാവങ്ങൾ. നമ്മൾ എവിടെയാണ് എന്ന് ഓരോ വ്യക്തിയും സ്വയം തീരുമാനിക്കണം. പ്രകൃതി സംരക്ഷണം ലോകനേതാക്കൾ നമുക്ക് വേണ്ടി ചെയ്തുകൊള്ളും എന്ന വിചാരം പോലെ മറ്റൊരു മൂഢതയില്ല. നമ്മുടെ സ്വർഗ്ഗവും നരകവും പണിയുന്നത് നമ്മൾ തന്നെയാണല്ലോ.. നമുക്ക് ഓരോരുത്തർക്കും പ്രകൃതി സംരക്ഷകരുമാകാം; പ്രകൃതി വിദ്വേഷിയുമാകാം. വാസ്തവത്തിൽ നമ്മളിൽ പലരും ആശയം കൊണ്ട് പ്രകൃതി സ്നേഹികളും പ്രയോഗത്തിൽ പ്രകൃതി വിദ്വേഷകരുമാണെന്നതാണ് വാസ്തവം. ഇത് ആത്മവഞ്ചനയാണെന്നു തിരിച്ചറിയുന്നിടത്തു യഥാർത്ഥ പാരിസ്ഥിതിക വിവേകം ഉണരും.

ഭാരതത്തിൽ പാരിസ്ഥിക അവബോധം പടിഞ്ഞാറ് നിന്നു ഇറക്കുമതി ചെയ്തതല്ല. ആധുനിക ശാസ്ത്രം ജീവന്റെ ശൃംഖലയെക്കുറിച്ചും, പരസ്പരാശ്രിതത്വത്തെക്കുറിച്ചും, പ്രകൃതിയുടെ താളത്തെക്കുറിച്ചും ഗവേഷണം നടത്തി കണ്ടെത്തിയ സത്യങ്ങളെല്ലാം അതിന്റെ വൈജ്ഞാനികവും വൈകാരികവും ആത്മീയവുമായ പ്രാധാന്യത്തോടെ ഭാരതീയ മനസ്സ് എത്രയോ സഹസ്രാബ്ദങ്ങൾക്കു മുൻപേ മനസ്സിലാക്കിയതാണ്. 'ഈശാവാസ്യമിദം സർവ്വം' എന്ന് ഈശാവാസ്യോപനിഷത്തിലും 'ഈശ്വരൻ തൂണിലും തുരുമ്പിലുമുണ്ടെന്ന്' പുരാണത്തിലും പറയുന്നതിന്റെ പൊരുൾ ഒന്നാണ്. എങ്ങും ഈശ്വരൻ മാത്രം; ഈശനല്ലാതെ മറ്റൊന്നുമില്ല. ഈ ആശയം ഒരു സാധാരണ ഭാരതീയന്റെ ജീവിതത്തിന്റെ ഭാഗമാണ്. അഥവാ ഭാഗമായിരുന്നു. അതുകൊണ്ടാണ് സകലപർവ്വതങ്ങളും നമുക്ക് വിശുദ്ധമായത്. എല്ലാ നദികളും തീർത്ഥമായത്. ഭൂമി നമുക്ക് ഭൂമി മാതാവായത് . കടൽ കടലമ്മയായത്. ജലവും അഗ്നിയും നമുക്ക് ദേവന്മാരായത്. ചുറ്റുമുള്ള പ്രകൃതിയിലെങ്ങും നിറഞ്ഞിരിക്കുന്ന ഈശ്വര ചൈതന്യത്തെ മറന്നപ്പോഴാണ് നമ്മൾ 'പ്രായോഗിക വാദിയായ' ആധുനിക മനുഷ്യരായിത്തീർന്നത്. ഭഗവാൻ ശ്രീ സത്യസായി ബാബ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു: 'ദൈവം നിങ്ങളുടെ അകത്തും പുറത്തും ചുറ്റും എപ്പോഴുമുണ്ടെന്ന്'. പക്ഷെ നമ്മൾ ആ ദൈവത്തെ മറ്റെവിടെയോ അന്വേഷിക്കുകയും നമ്മെ പൊതിഞ്ഞു നിൽക്കുന്ന ഈശ്വര ചൈതന്യമായ പ്രകൃതിയെ കൃതഘ്നതാപൂർവ്വം ഹനിക്കുകയും ചെയ്ത് സർവ്വ നാശം ക്ഷണിച്ചു വരുത്തുന്നു. വാസ്തവത്തിൽ പ്രകൃതി നശീകരണത്തെക്കാൾ വലിയ ഈശ്വര നിന്ദയില്ല.

**കെ. ജയകുമാർ**
ഗസ്റ്റ് എഡിറ്റർ



## Sai Vani

Karma is the "master's cane" that disciplines one to adhere to goodness and fills one with fear to repay every "wrong" of his with rightful repentance. Each act of goodness will shower its rewards by making one the good and the wise one. No other treasures will remain alluring, once you have recognized the path to respect the self. The punishment of karma, too, holds a reward, awaiting at its end, for the one who recognizes suffering as his own stony pilgrimage will reach the doors of my temple at the very end of his enduring journey. Your tears, My dears, are only the pain of another that you inflicted in the shadows of deceitful evil - the pain, My child, must be endured, patiently - the wrong of the past must become the cure of the present, leading to the boundless beauty of a healthy future. A model prisoner accepts the sentence of his punishment without any resistance - bears the term in prison by breaking no laws, pleasing the jailer by his exemplary behavior and waits with patience for the sound of the keys that will unlock the bars of confinement, setting him free to his new life that awaits him, eagerly. The prisoner that screams and yells of his misery - drawing attention to his irrational behavior, blaming all but himself for his sorry state, will close his eyes until his last day in the dark dungeons of isolation.

ഓം ഹരിശ്രീ ഗണപതയെ നമഃ

# ശ്രീ സായി സത്ചരിതം



## അദ്ധ്യായം: 2

ഹേമദ്പാന്ത്

### ചുട്ട വാഗ്വാദം

ഞാൻ ആദ്യമായി ഷിർദ്ദിയിൽ എത്തിയ അന്നു തന്നെ ഞാനും ബാലു സാഹെബ് ഭാട്ടെയുമായി ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് വാഗ്വാദമുണ്ടായി. നാമെന്തിന് നമ്മുടെ സ്വാതന്ത്ര്യം ഉപേക്ഷിച്ച് മറ്റുള്ളവർക്ക് വഴങ്ങുന്നു. നമുക്ക് നമ്മുടെ പ്രവൃത്തി ചെയ്യേണ്ടിയിരിക്കെ ഒരു ഗുരുവിന്റെ ആവശ്യമെന്താണ്? തന്നത്താൻ പരിശ്രമിച്ച് രക്ഷിക്കേണ്ടിയിരിക്കുന്നു. ഒന്നും ചെയ്യാതെ ഉറങ്ങി, സമയം കളയുന്ന ഒരാളെ ഗുരുവിന് എന്തു ചെയ്യാൻ കഴിയും, ഇങ്ങനെ സ്വതന്ത്രമാർഗത്തെക്കുറിച്ച് ഞാൻ വാദിച്ചു. മിസ്റ്റർ ഭാട്ടെ മറിച്ച് വിധിയെക്കുറിച്ച് ഇപ്രകാരം വാദിച്ചു. “സംഭവിക്കാനുള്ളത് സംഭവിച്ചേ തീരൂ. മഹത്തുക്കൾ കൂടി പരാജയപ്പെടുന്നു. മനുഷ്യൻ ഒന്നാശിക്കുന്നു. ദൈവം മറ്റൊന്ന് വരുത്തുന്നു. നിങ്ങളുടെ സാമർത്ഥ്യത്തെപ്പറ്റി മറക്കൂ, അഹങ്കാരവും അഹംഭാവവും നിങ്ങളെ സഹായിക്കുന്നില്ല.” ഈ വാഗ്വാദം ഒരു മണിക്കൂറിലധികം നടന്നെങ്കിലും സാധാരണപോലെ ഒരു തീരുമാനത്തിലും എത്തിയില്ല. ഒടുക്കം മടുത്ത് ഞങ്ങൾക്ക് വാദം നിർത്തേണ്ടിവന്നു. ഇതിന്റെ ഫലമായി എനിക്ക് മനഃശാന്തി നഷ്ടപ്പെടുകയും അഹങ്കാരം കൊണ്ട് മാത്രമാണ് ഇത്തരം വാദത്തിന് പോകേണ്ടിവരുന്നതെന്ന് മനസ്സിലാക്കുകയും ചെയ്തു. ഞാനെന്ന ഭാവം കൊണ്ട് മാത്രമാണ്, ചുരുക്കത്തിൽ, വാഗ്വാദത്തിന് പോകുന്നത്.

പിന്നീട് ഞങ്ങൾ മറ്റുള്ളവരോടൊപ്പം മസ്ജിദിൽ പോയപ്പോൾ ബാബ കാക്കാസാഹെബ് ദീക്ഷിത്തിനോട് ഇപ്രകാരം ചോദിച്ചു.

‘എന്താ സതേവാഡയിൽ നടന്നു കൊണ്ടിരിക്കുന്നത്? എന്തിനെ സംബന്ധിച്ചായിരുന്നു വാഗ്വാദം?’ എന്നിട്ട് എന്നെ തറപ്പിച്ചു നോക്കി ബാബ വീണ്ടും ചോദിച്ചു. ‘ഈ ഹേമദ്പാന്ത് എന്തു പറയുന്നു?’

ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ അതിശയിച്ചു പോയി. മസ്ജിദ്, ഞാൻ താമസിക്കുന്നതും വാദം നടന്നതുമായ സതേവാഡയിൽ നിന്നും സാമാന്യം അകലെയാണ്. അന്തര്യാമിയും അന്തക്കരണങ്ങളുടെ നാഥനുമല്ലെങ്കിൽ എങ്ങിനെ ഈ വാദത്തെ മനസ്സിലാക്കി? മർമ്മപ്രധാനവും ഭാവി സൂചകവുമായ സ്ഥാനപ്പേര്

എന്താണ് സായിബാബ എന്നെ ഹേമദ്പാന്ത് എന്ന് വിളിക്കാൻ കാരണം? ഈ പദം ഹേമാദ്രീപാന്ത് എന്ന പേരിന്റെ ഒരു ചുരുക്കപ്പേരായി നാടൻ

ഭാഷയിൽ പറഞ്ഞുവരുന്നതാണ്. ഈ ഹേമാദ്രീ പാന്ത് യാദവ വംശത്തിൽപ്പെട്ട ദേവഗിരിയിലെ മഹാദേവ്, രാമദേവ് എന്നീ രാജാക്കന്മാരുടെ പ്രശസ്തനായ സചീവനായിരുന്നു. അദ്ദേഹം അഗാധ പണ്ഡിതനും സൽസ്വഭാവിയും ചതുർവർഗ്യചിന്താമണി, രാജപ്രശസ്തി എന്നീ മഹദ് ഗ്രന്ഥങ്ങളുടെ രചയിതാവുമായിരുന്നു. പുതിയതരം കണക്ക് സൂക്ഷിക്കുന്ന സമ്പ്രദായവും മറ്റും അദ്ദേഹം കണ്ടുപിടിച്ച് പ്രചരിപ്പിച്ചതാണ്. മോഡി എന്ന മറാത്തി ചുരുക്കെഴുത്ത് അദ്ദേഹം തുടങ്ങിവെച്ചതാണ്. അദ്ദേഹവുമായി താരതമ്യപ്പെടുത്തിയാൽ ഞാൻ മൂഢനും ബുദ്ധി ശൂന്യനുമായ വെറും സാധാരണക്കാരനാണ്. അതു കൊണ്ട് അത്തരത്തിലൊരു സംജ്ഞ എനിക്കു തന്നതിന്റെ പ്രസക്തി എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. പക്ഷേ അതിനെപ്പറ്റി അവഗാഢമായി ചിന്തിച്ചതിൽ ആ പേര് എന്റെ അഹംഭാവത്തിനെതിരായ ഒരു ശരമായിരുന്നുവെന്നും ഞാൻ സദാ ശാന്തനും എളിവനുമായിരിക്കണമെന്ന് എന്നെ മനസ്സിലാക്കിത്തരുകയായിരുന്നുവെന്നും എനിക്കു വെളിപ്പെട്ടു. കൂടാതെ വാഗ്വാദത്തിലുണ്ടായിരുന്ന എന്റെ സാമർത്ഥ്യത്തെ അഭിനന്ദിക്കലുമായിരുന്നിരിക്കാം അത്.

(എന്നാൽ ഭാവി ചരിത്രം നോക്കുമ്പോൾ ബാബ ദാഭോൽക്കർ ഹേമദ്പാന്ത് എന്ന സ്ഥാനപ്പേർ കൊടുത്തത് സമുചിതവും അർത്ഥവത്തുമാണെന്ന് മാത്രമല്ല, ഭാവിയെ സൂചിപ്പിച്ചതായിരുന്നു എന്നും വ്യക്തമാണ്. അദ്ദേഹം പിന്നീട് സായി സൻസ്ഥാൻ വളരെ സമർത്ഥമായി ഭരിക്കുകയും കൃത്യമായും സത്യമായും കണക്കുകൾ സൂക്ഷിക്കുകയും ചെയ്തുവെന്ന് മാത്രമല്ല, ജ്ഞാനം, ഭക്തി, നിസ്സംഗം, ആത്മാർപ്പണം, ആത്മജ്ഞാനം എന്നിവയെ സംബന്ധിച്ച് പ്രതിപാദിക്കുന്ന സായി സത്ചരിതം രചിക്കുകയും ചെയ്തു.

## ഗുരുവിന്റെ ആവശ്യകതയെപ്പറ്റി

ഇതിനെപ്പറ്റി ബാബ പറഞ്ഞതിനെ സംബന്ധിച്ച് ഹേമദ്പാന്ത് കുറിപ്പോ മറ്റോ എഴുതിക്കാണുന്നില്ലെങ്കിലും കാക്കാസാഹിബ് ദീക്ഷിത് ഇത് സംബന്ധിച്ച് അദ്ദേഹത്തിന്റെ കുറിപ്പുകൾ പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഹേമദ്പാന്തും സായിബാബയും തമ്മിൽ മുൻ പറഞ്ഞ സംഭാഷണം നടന്നതിന്റെ പിറ്റേന്ന് കാക്കാസാഹെബ് ബാബയെക്കണ്ട് ഷിർദ്ദിയിൽ നിന്ന് മടങ്ങി പോകാൻ അനുവാദം ചോദിച്ചു. ബാബ സമ്മതിച്ചു. അപ്പോൾ മറ്റൊരാൾ ഇങ്ങനെ ചോദിച്ചു: 'ബാബ! എവിടെപ്പോകാനാണ് ബാബ പറഞ്ഞു, 'ഉന്നതിയിലേക്ക്.' അപ്പോൾ അപരൻ ചോദിച്ചു: 'എങ്ങിനെയാണ് വഴി' ബാബ ഇപ്രകാരം പറഞ്ഞു: 'അവിടേക്ക് വളരെ മാർഗ്ഗങ്ങളുണ്ട്. ഈ ഷിർദ്ദിയിൽ നിന്നും ഒരു മാർഗ്ഗമുണ്ട്. വഴി ദുർഘടം പിടിച്ചതാണ്. മാർഗ്ഗമദ്ധ്യത്തിലെ വനാന്തരങ്ങളിൽ പുലികളും ചെന്നായ്ക്കളുമുണ്ട്' അതുകേട്ട് കാക്കാസാഹെബ് ചോദിച്ചു: 'പക്ഷേ ബാബ, ഒരു വഴികാട്ടിയെ ഞങ്ങൾ കൂടെ കൂട്ടിയാലോ?' ബാബ അതിന് ഇപ്രകാരം മറുപടി പറഞ്ഞു: 'എങ്കിൽ യാതൊരു വിഷമവുമില്ല. വഴികാട്ടി നിങ്ങളെ കുണ്ടുകളിൽ നിന്നും കുഴികളിൽ നിന്നും പുലികളിൽ നിന്നും ചെന്നായ്ക്കളിൽ നിന്നും അകറ്റി നേരെ ലക്ഷ്യത്തിലെത്തിക്കും. അത്തരം വഴികാട്ടിയില്ലെങ്കിൽ നിങ്ങൾ കാട്ടിൽ വഴി തെറ്റിപ്പോവാനോ അഗാധ ഗർത്തങ്ങളിൽ വീണു പോവാനോ സാധ്യതയുണ്ട്.' ദാഭോൽക്കർ ഈ അവസരത്തിൽ സന്നിഹിതനായിരുന്നു. ഗുരുവിന്റെ ആവശ്യകതയെക്കുറിച്ച് ബാബയുടെ ഖണ്ഡിതമായ അഭിപ്രായം ഇതാണെന്ന് അയാൾക്ക് മനസ്സിലായി. (സായിലീല - വാള്യം 1 നമ്പർ 5 പേജ് 47). അന്നു തൊട്ട്, സ്വതന്ത്രനോ പരാധീനനോ എന്നും മറ്റുമുള്ള വാഗ്വാദങ്ങൾ ആദ്ധ്യാത്മിക വിഷയങ്ങളിൽ അപ്രസക്തവും അനാവശ്യവുമാണെന്ന് അദ്ദേഹത്തിന് ബോധ്യമായി. പരമാർത്ഥതത്വം ഗ്രഹിപ്പാൻ ഗുരുപദേശം കൊണ്ടു മാത്രമേ സാധ്യമാവൂ എന്നും ഗുരുക്കന്മാരായ അവതാരപുരുഷന്മാരായ ശ്രീരാമ കൃഷ്ണന്മാർ പോലും വസിഷ്ഠൻ, സാന്ദീപനി എന്നിവർക്ക് വഴങ്ങിയിരുന്നുവെന്നും, ആത്മബോധത്തിനും പുരോഗമനത്തിനും വേണ്ട ഗുണം വിശ്വാസവും ക്ഷമയും മാത്രമാണെന്നും ഹേമദ്പാന്തിനും മനസ്സിലായി. അത് സായിച്ചരിതം മൂലഗ്രന്ഥത്തിൽ 2-ാം അദ്ധ്യായം 191, 192 എന്നീ ശ്ലോകങ്ങളിൽ അദ്ദേഹം വ്യക്തമാക്കുകയും ചെയ്തു.



**ശ്രീ സായിയെ നമിക്കുവിൻ,**
**ലോകശാന്തി ഭവിക്കട്ടെ!**




## അദ്ധ്യായം: 3

ഓം ഹരിശ്രീ ഗണപതയെ നമ:

# ശ്രീ സായി സത്ചരിതം


സായിബാബയുടെ അനുമതിയും വാഗ്ദാനവും – ഭക്തന്മാർക്ക് നിയുക്തമായ കർമ്മങ്ങൾ – ബാബയുടെ കഥകൾ ദീപശിഖപോലെ – അദ്ദേഹത്തിന്റെ മാതൃനിർവിശേഷമായ സ്നേഹം – റോഹില്ലന്റെ കഥ – അദ്ദേഹത്തിന്റെ മധുരമായ അമൃതവാണികൾ.

### സായിബാബയുടെ അനുമതിയും വാഗ്ദാനവും

മുൻ അദ്ധ്യായത്തിൽ വിവരിച്ചതു പോലെ സച്ചരിതം എഴുതുന്നതിന് സായിബാബ പൂർണ്ണാനുമതി തന്നുകൊണ്ട് ഇപ്രകാരം പറഞ്ഞു: “സച്ചരിതം എഴുതുന്ന കാര്യത്തിൽ ഞാൻ നീയുമായി പരിപൂർണ്ണമായി യോജിക്കുന്നു. യാതൊന്നും ഭയപ്പെടാതെ കടമ നിർവ്വഹിക്കുക. മനസ്സ് ഉറപ്പിച്ച് എന്റെ വാക്കുകളിൽ വിശ്വസിക്കുക. എന്റെ ലീലകൾ എഴുതിയാൽ അവിദ്യ തിരോധാനം ചെയ്യുന്നു. അവ ഗാഢശ്രദ്ധയോടെ കേട്ടാൽ ലൗകികങ്ങളിൽ താല്പര്യം നശിക്കുന്നു. ഭക്തിയുടെ ശക്തമായ അലകൾ അവനിലേക്ക് ആഞ്ഞടിക്കുന്നു. എന്റെ ലീലകളിൽ ഗാഢമായി മുങ്ങിത്തപ്പിയാൽ ജ്ഞാനത്തിന്റെ മുത്തുമണികൾ ലഭ്യമാകും.

ഇതുകേട്ട് ഗ്രന്ഥകർത്താവ് സന്തുഷ്ടനും ഭയരഹിതനും ആത്മവിശ്വാസവുമുള്ളവനുമാവുകയും ഈ ഗ്രന്ഥം ഒരു വിജയമാവുമെന്ന് വിശ്വസിക്കുകയും ചെയ്തു. പിന്നീട് ശാമയോടായി (മാധവറാവുദേശ്പാണ്ഡ) സായിബാബ ഇപ്രകാരം പറഞ്ഞു:

“ഏതൊരുത്തൻ എന്റെ നാമം പ്രേമത്തോടുകൂടി ഉച്ചരിക്കുന്നുവോ, അവന്റെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ച് ഭക്തി വർദ്ധിപ്പിച്ച് കൊടുക്കുന്നതാകുന്നു. എന്റെ ജീവിതത്തെപ്പറ്റിയും ലീലകളെപ്പറ്റിയും ആത്മാർത്ഥമായി ഏതൊരാൾ പാടുന്നുവോ, അവന്റെ മുന്നിലും പിന്നിലും എല്ലാ ഭാഗങ്ങളിലും ഞാൻ ഉണ്ടാവുന്നതാണ്. എന്നിൽ ആത്മാർപ്പണം ചെയ്ത ഭക്തന്മാർ ഈ കഥകൾ കേൾക്കുന്ന മാത്രയിൽ സ്വാഭാവികമായും പരമാനന്ദം അനുഭവിക്കും. എന്നിൽ വിശ്വസിക്കുക. ഏതൊരുവൻ എന്റെ ലീലകളെപ്പറ്റി പാടുന്നുവോ അവന് ഞാൻ ശാശ്വതമായ ആനന്ദവും നിത്യമായ സംതൃപ്തിയും പ്രദാനം ചെയ്യും. എന്നിൽ സർവ്വം അർപ്പിച്ച് വിശ്വാസപൂർവ്വം എന്നെ ആരാധിക്കുന്ന, എന്നെ സ്മരിച്ച് ഹിതമായി ധ്യാനിക്കുന്ന, ഭക്തജനങ്ങളെ ഞാൻ ജീവൻ മുക്തരാക്കുന്നു. ലൗകികമായ നേട്ടങ്ങളിലും ലാഭങ്ങളിലും ഉള്ള ആഗ്രഹം എന്റെ നാമം ഉച്ചരിക്കുന്ന എന്നെ ആരാധിക്കുന്ന, എന്റെ കഥകളെയും ജീവിതത്തെയും സ്മരിക്കുന്ന, ഭക്തന്മാരെ ഒരിക്കലും സ്വാധീനിക്കുന്നതല്ല. എന്റെ ഭക്തന്മാരെ മരണവക്ത്രത്തിൽ നിന്ന് ഞാൻ രക്ഷിക്കും. എന്റെ കഥകൾ



ശ്രവിക്കുന്ന മാത്രയിൽ എല്ലാ രോഗങ്ങളിൽ നിന്നും വിമുക്തി നേടുന്നു. അതുകൊണ്ട് എന്റെ ഈ കഥ കളെ ഭക്ത്യാദരത്തോടുകൂടി ശ്രവിച്ച് മനസ്സിരുത്തി അതിന്റെ തത്വങ്ങൾ ഉൾക്കൊണ്ടാൽ അതാണ് ആനന്ദത്തിന്റെയും സംതൃപ്തിയുടെയും മാർഗ്ഗം. ഇത് കേൾക്കുന്നവരുടെ അഹങ്കാരവും അഹംഭാവവും നിർമ്മാർജ്ജനം ചെയ്ത് ഞാൻ പരമാത്മാവിൽ ലയിപ്പിക്കുന്നതാണ്. വെറും “സായി” “സായി” എന്ന നാമോച്ചാരണം കൊണ്ടു മാത്രം വാചാ ശ്രവണജമായ സമസ്ത പാപങ്ങളും നശിക്കുന്നതാണ്.”

## ഭക്തന്മാർക്ക് നിയുക്തമായ കർമ്മങ്ങൾ

ഭഗവാൻ ഭക്തന്മാരെ പലതരം പ്രവൃത്തികൾക്കാണ് നിയോഗിക്കുന്നത്. ചിലർക്ക് ക്ഷേത്രങ്ങളും മഠങ്ങളും നിർമ്മിക്കാനുള്ള പ്രവൃത്തി കൊടുക്കുന്നു. ചിലരെ പുണ്യനദികളിൽ സ്നാനഘട്ടങ്ങൾ നിർമ്മിക്കാൻ നിയോഗിക്കുന്നു. ചിലരെ ദൈവത്തിന്റെ അപദാനങ്ങളെ കീർത്തിച്ച് നടക്കാൻ നിശ്ചയിക്കുന്നു. മറ്റു ചിലരെ തീർത്ഥാടനത്തിനയക്കുന്നു. എന്നെ നിയോഗിച്ചത് ഈ സത്ചരിതം എഴുതാനാണ്. എല്ലാറ്റിനും ഉപരിയായി, അല്പജ്ഞാനിയും പരിപൂർണ്ണജ്ഞാനം ഒന്നിലുമില്ലാത്തവനുമായ ഈ ഞാൻ ഈ പണിക്ക് തീരെ കഴിവില്ലാത്തവനാണ്. പിന്നെ എന്തിനുവേണ്ടി ഞാനീ പ്രയാസപ്പെട്ട പണി ഏറ്റെടുത്തു?

സായിബാബയുടെ യഥാർത്ഥ ജീവിതത്തെപ്പറ്റി ആർക്ക് എഴുതാൻ കഴിയും? സായിബാബയുടെ അനുഗ്രഹം കൊണ്ടു മാത്രമേ ഈ ദുർഘടം പിടിച്ച പ്രവൃത്തി പൂർത്തിയാക്കാൻ കഴിയൂ. ഈ വിചാരത്തോടുകൂടി ഞാൻ പേന എടുത്തതോടുകൂടി സായിബാബ എന്റെ അഹംഭാവം നിശ്ശേഷം നശിപ്പിച്ച് തന്നത്താൻ അദ്ദേഹത്തിന്റെ കഥകൾ എഴുതിത്തുടങ്ങി. ഈ കഥകൾ എഴുതിയതിലുള്ള പ്രശസ്തി എനിക്കുള്ളതല്ല, അദ്ദേഹത്തിനുള്ളതാണ്. ജൻമനാൽ ഞാൻ ബ്രാഹ്മണനാണെങ്കിലും ശ്രുതി സ്മൃതി എന്നീ രണ്ടു കണ്ണുകൾ എനിക്കില്ലാത്തതുകൊണ്ട് ഈ സച്ചരിതം എഴുതാൻ എനിക്ക് കഴിവില്ല. പക്ഷേ, ദൈവാനുഗ്രഹം, ‘മൂകം കരോതി വാചാലം പങ്കും ലംഘയതെ ഗിരിം’ എന്നാക്കുമല്ലോ (അതായത്, ഊമയെ വാചാലനാക്കുന്നു, മുടന്തനെ പർവ്വതം കടത്തി വിടുന്നു).

അദ്ദേഹത്തിനു മാത്രമെ അദ്ദേഹത്തിന്റെ ഇഷ്ടപ്രകാരമുള്ള കാര്യങ്ങൾ നിർവ്വഹിക്കാനുള്ള സൂത്രം അറിയുള്ളു. വീണയും ഹാർമോണിയവും അവയിൽ മധുരസ്വരം എങ്ങനെ ഉണ്ടാവുന്നു എന്ന് അറിയുന്നില്ല. അത് അവ വായിക്കുന്നവന്റെ കഴിവുകൊണ്ടാണ് ഉൽപന്നമാവുന്നത്. ചന്ദ്രകാന്തശില ദ്രവിക്കുന്നതും വേലിയേറ്റം ഉണ്ടാവുന്നതും ശിലയുടെയോ കടലിന്റെയോ കഴിവുകൊണ്ടല്ല, ചന്ദ്രോദയം കൊണ്ടാണ്.

## ബാബയുടെ കഥകൾ ദീപശിഖപോലെ

കടൽക്കരയിലെ ദീപസ്തംഭങ്ങൾ തോണിക്കാർക്ക് പാറകളും അപകടങ്ങളും ഒഴിവാക്കി സുര



ക്ഷിതമായി യാത്രചെയ്യാൻ സ്ഥാപിച്ചവയാണ്. ലൗകിക ജീവിതമാകുന്ന സമുദ്രത്തിൽ സായിബാബയുടെ കഥകളും അത്തരം ഉദ്ദേശ്യങ്ങളെത്തന്നെയാണ് നിർവ്വഹിക്കുന്നത്. അവ മാധുര്യത്തിൽ അമൃതത്തെ അതിശയിപ്പിച്ച് ലൗകികമാർഗ്ഗങ്ങളെ സുഗമവും സന്തുഷ്ടവുമാക്കുന്നു. അവ ഹൃദയത്തിൽ സ്പർശിക്കുമ്പോൾ ദേഹബോധവും അഹങ്കാരവും നശിക്കുന്നു. ദ്വൈതഭാവവും നശിക്കുന്നു. നമ്മുടെ സന്ദേഹങ്ങൾ അകറ്റുന്നു. ഞാനെന്ന ഭാവം നശിച്ച് പരിപൂർണ്ണ ജ്ഞാനം സിദ്ധിക്കുന്നു. ബാബയുടെ പരിശുദ്ധഖ്യാതി വർണ്ണിക്കുന്നതും കൊണ്ടും കേൾക്കുന്നതുകൊണ്ടും ഭക്തന്റെ മനസ്സ് ശുദ്ധമായിത്തീരുന്നു. അതുകൊണ്ട് ഇതുമാത്രമാണ് ഏറ്റവും എളുപ്പമായി മുക്തി ലഭിക്കുവാനുള്ള സാധന. കൃതയുഗ സാധന ശമദമവും, ത്രേതായുഗത്തിന് യജ്ഞവും, ദ്വാപരയുഗത്തിന് ആരാധനയും, ഇപ്പോഴുള്ള കലിയുഗത്തിന് നാമസ്മരണയുമാണ് എന്നാണ് വിധി. ഈ അവസാനത്തെ സാധന ചാതുർവർണ്ണ്യഭേദമില്ലാതെ അനുഷ്ഠിക്കാവുന്നതാണ്. മറ്റു സാധനകളായ യോഗം, യാഗം, ത്യാഗം, ധാരണ എന്നിവ പ്രയാസമുള്ളവയാണെങ്കിലും ഭഗവാന്റെ (സായിബാബയുടെ) അപദാനങ്ങൾ കീർത്തിക്കുന്നതും ശ്രദ്ധിക്കുന്നതും വളരെ എളുപ്പമാണല്ലോ. നാം ശ്രദ്ധ അങ്ങോട്ട് തിരിക്കുകയേ വേണ്ടൂ. അത് സംസാരബന്ധങ്ങളിലുള്ള ആശ നശിപ്പിച്ച് ആത്മജ്ഞാനത്തിലേക്ക് നമ്മെ നയിക്കുന്നു.

ഈ ഉദ്ദേശ്യത്തോടുകൂടി സായിബാബ ഈ സച്ചരിതാമൃതം എഴുതാനെന്നെ സഹായിച്ചു. ഈ കഥകൾ വായിക്കുന്ന ഭക്തന്മാർ ബാബയെ ധ്യാനിച്ച് ആ രൂപം സ്മരിച്ച് ഗുരുവിലും ദൈവത്തിലും ഭക്തിയാർജ്ജിച്ച് നിസ്സംഗത്വവും ആത്മജ്ഞാനവും കൈവരുത്തട്ടെ. എന്നെ വെറും ഉപകരണമായി ഉപയോഗിച്ച് സായിബാബ തന്നെയാണ് ഈ സച്ചരിതാമൃതം എഴുതിയിട്ടുള്ളത്.

തുടരും....




# സായിനികേതൻ

ജസ്റ്റിസ്. ടി. ചന്ദ്രശേഖരമേനോൻ

അമ്മയാകാൻ യോഗം ലഭിക്കാത്ത ശ്രീമതി സരസ്വതി അമ്മാളിന് പത്ത് കുട്ടികളുടെ അമ്മയാകാനുള്ള ഭാഗ്യം! ഭഗവാന്റെ വരദാനം!

പാലക്കാട് ജില്ലയിലെ ചിറ്റൂർ സ്വദേശിയായ സരസ്വതിയമ്മാൾ എന്ന റിട്ടയേർഡ് അധ്യാപിക തന്റെ ജീവിതസായാഹ്നം അനന്തപുരിയിലെ മണ്ണിലേക്ക് പറിച്ചുനട്ടത് ആ ദർശനത്തിലൂടെയാണ്. അപ്പോഴും 'സായിനികേതൻ' എന്ന ശിശു സദനം രണ്ടോ മൂന്നോ വ്യക്തികളുടെ മാനസപുത്രി മാത്രമായിരുന്നു അവളുടെ ജനനവും, കർമധർമാദികളും കാലേക്കൂട്ടി കണ്ടറിഞ്ഞ ഭഗവാൻ അനാഥശിശുക്കൾക്ക് എന്നേ നാഥനായി. അവർക്കൊരഭയകേന്ദ്രം അനന്തപുരിയിൽ ആരംഭിക്കട്ടെ! ഈ വിധി എന്നേ കൽപിച്ചു കഴിഞ്ഞിരുന്നു. ഒരു വാക്കുരിയാടാതെ, പരസ്യ പ്രസ്താവനകളില്ലാതെ, ആത്മീയ സംയോഗത്തിലൂടെ ആ നിയോഗമാണ് 'സായിനികേതന്റെ' യോഗം.

ഒരു സംഘം സായി ഭക്തന്മാരുടെ സൽസംഗത്തിലൂടെ 'ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ്' കടലാസ്സിൽ രൂപരേഖയായി. തിരുവനന്തപുരത്ത് ശാസ്തമംഗലത്തുള്ള 'അജിത്' സായിസേവ ജീവിത വ്രതമാക്കിയ ശ്രീ ആനന്ദകുമാറിന്റെ ഭവനമാണ്. സൽസംഗം മോഹിക്കുന്നവരുടെ സംഗമസ്ഥാനം. 'ഓർഫനേജ് ട്രസ്റ്റ്' എന്ന സങ്കൽപത്തിന്റെ ബീജാധാരവും ആനന്ദകുമാർ എന്ന സ്വാമി ഭക്തനിൽത്തന്നെ.

1996 ജൂൺ 1, തിങ്കൾ തിരുവാതിര നക്ഷത്രം. ഭഗവാന്റെ ജന്മനക്ഷത്രം ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് രജിസ്റ്റർ ചെയ്യപ്പെട്ട സുദിനം

സത്യാന്വേഷണം! ധർമബോധം! പ്രേമം! ശാന്തി! തുടങ്ങി മനുഷ്യസമൂഹത്തിൽ മറഞ്ഞു കൊണ്ടിരിക്കുന്ന സനാതന മൂല്യങ്ങളുടെ പുനഃ പ്രകാശനത്തിനും, പ്രചരണത്തിനും, സ്വാമിയുടെ നിയോഗത്തിന് വിധേയമായി ആവുന്നതൊക്കെ ചെയ്യുക. അതുതന്നെ ട്രസ്റ്റിന്റെ ആത്യന്തികമായ ലക്ഷ്യം.

21 സ്ഥാപകാംഗങ്ങൾ - വിവിധ തുറയിൽ പ്രവർത്തിക്കുന്ന വിവിധ തരക്കാരായ മനുഷ്യ സ്നേഹികൾ, കേരളത്തിന്റെ പല ദേശത്തുള്ളവർ, ട്രസ്റ്റിന്റെ ആജീവനാന്ത ചെയർമാനായി എന്നെ തിരഞ്ഞെടുത്തപ്പോൾ ഭഗവാന്റെ നിയോഗത്തിന് സർവ്വാത്മനാവിധേയനായി ഞാൻ.

എക്സിക്യൂട്ടീവ് ഡയറക്ടർ എന്ന ചുമതലയിലൂടെ ആനന്ദകുമാർ സ്ഥാപനത്തിന്റെ മുഴുവൻ സമയ സേവകനായി. പ്രിൻസസ് അശ്വതിതിരുനാൾ തമ്പുരാട്ടി ബനിഫാക്ട്രസ്, മുൻമന്ത്രി പി. പി. ഉമ്മർ കോയ ബനിഫാക്ടർ.

രജിസ്റ്റർ ചെയ്ത പ്രമാണത്തിന് ജൂൺ മാസം 29 -ാം തീയതി ബാബയുടെ ആശിർവാദം ലഭിച്ചതോടെ പുട്ടപർത്തിയിൽ പ്രസ്ഥാനത്തിന്റെ പ്രഖ്യാപനം നടന്നു. അങ്ങനെ കവടിയാർ ഗാർഡൻസിലുള്ള വാടകക്കെട്ടിടത്തിൽ 'സായിനികേതൻ' എന്ന ശി



ശുപരിപാലന കേന്ദ്രം പ്രവർത്തനമാരംഭിച്ചു. സരസ്വതിയമ്മാളിന്റെ സ്വപ്നം സത്യമായി. അമ്മയാകാത്ത 'സരസ്വതിഅമ്മ' പത്തു കുട്ടികൾക്ക് അമ്മയായി. അവരുടെ പരിപാലനം സ്വകർമ്മമായി സ്വീകരിച്ചു.

'അനാഥമന്ദിരം' എന്ന് പ്രയോഗിക്കാൻ ഞാൻ ഭയപ്പെടുന്നു. കാരണം പാറശ്ശാല മുതൽ കാസർഗോഡ് വരെയുള്ള പ്രദേശങ്ങളിൽ നിന്ന് സായിനികേതനിൽ അഭയംതേടിയ പത്തുകുട്ടികൾ ജന്മംകൊണ്ടനാഥരെന്ന് തത്വത്തിൽ അംഗീകരിച്ചാൽ തന്നെ ജന്മം മുതലേ 'സത്യസായിബാബ' നാഥനാണവർക്ക്! അവർക്കു മാത്രമല്ല ആർക്കും നാഥനാണ് ബാബാ! അനാഥത്വം കൽപ്പിക്കപ്പെട്ട മുഴുവൻ ശിശുക്കൾക്കും 'സത്യസായിബാബ' നാഥനാണെന്ന സത്യത്തിലേക്ക് വഴിതെളിക്കുന്ന കർമപദ്ധതികൾ നടപ്പിലാക്കുക സായിനികേതന്റെ ധർമ്മമായി ഞങ്ങൾ കരുതുന്നു.

ഒരു വർഷം ഒരു ജില്ലയിൽ എന്ന കണക്കിന് എല്ലാ ജില്ലകളിലും 'സായിനികേതൻ' എന്ന ലക്ഷ്യത്തിൽ രണ്ടാമത്തെ 'സായിനികേതൻ' 72 ചിങ്ങം 1ന് ( 92 ആഗസ്റ്റ് 17) കൊല്ലം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. ഓരോ ചിങ്ങം ഒന്നിനും ഈ കർമപദ്ധതി ലക്ഷ്യം വരിക്കാൻ സ്വാമിയുടെ കടാക്ഷം കരുത്തേകുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു.

ജനിച്ച് വളർന്ന്, കിടപ്പാടമോ, ഉടുതുണിയോ കഴിക്കാൻ വകയോ ഇല്ലാതെ, മരിക്കുന്നതിനുപോലും വഴി കാണാതെ, മരിക്കാതെ മരിച്ച് ജീവിക്കുന്ന മനുഷ്യജീവികൾ അനവധിയുള്ള ഈ സമൂഹത്തിൽ, അവർക്കും അന്തിയുറങ്ങാൻ, അന്ത്യ കാലത്തെങ്കിലും ആനന്ദം അനുഭവിക്കാൻ സത്യ സായി സേവയിലൂടെ സായൂജ്യം വരിക്കാൻ ഒരു സങ്കേതം - 'സായൂജ്യം' ട്രസ്റ്റിന്റെ മറ്റൊരു ലക്ഷ്യമാണ്. ഒരു വൃദ്ധസദനം! ഭഗവാന്റെ കടാക്ഷം മതി ഈ ലക്ഷ്യവും സാധ്യമാവാൻ. അതിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട്.

ഭഗവാന്റെ ദശാവതാരം പോലെ അനന്തപുരിയിലെ സായിനികേതനിൽ ഇന്ന് 10 കുട്ടികൾ ഓടി കളിക്കുന്ന രംഗം കണ്ണനും കളിത്തോഴരും അമ്പാടിയിലെന്നപോലെ തോന്നിപ്പോകും.

ഏഴ് ആൺകുട്ടികൾ, മൂന്ന് പെൺകുട്ടികൾ. അഞ്ചുമുതൽ പതിനൊന്നുവരെയുള്ള പ്രായക്കാർ.

അഞ്ചു മണിക്ക് ഉറക്കം ഉണരും. തുടർന്ന് കൃത്യമായ പ്രഭാതകൃത്യങ്ങൾ. ഓംകാരം, സായി ഗായത്രി, ഭജന എല്ലാ മതത്തിലുംപെട്ട കുട്ടികളുണ്ട്. ഭഗവാന് ഒറ്റമതം - സത്യം! സ്നേഹമാണ് സത്യം! എല്ലാ മതവും ഒന്നുതന്നെ, അതാണ് സത്യം. ഗീതയും, ബൈബിളും, ഖുറാനും ആ സത്യത്തിലേക്കുള്ളവഴി കാട്ടികൾ എന്ന് കുട്ടികളെ പഠിപ്പിക്കുന്ന പ്രാർത്ഥനാശൈലി അവരെ ഒരു മതക്കാരാക്കുന്നു. ഒരു സമുദായക്കാരാക്കുന്നു. അതേ മനുഷ്യനാകുന്നു. അവർക്ക് പഠിക്കണം, കളിക്കണം, ഉണ്ണണം, ഉറങ്ങണം അതിനുള്ള വകയെല്ലാം സായിനികേതനിൽ സജ്ജമാണ്.

അനാഥമന്ദിരങ്ങൾ അനവധിയുണ്ട് നാട്ടിൽ. കുട്ടികൾ കൗമാരം കടന്നാൽ അതായത് പത്താംതരം വരെയുള്ള വിദ്യാഭ്യാസം പൂർത്തിയായാൽ മന്ദിരത്തിൽ നിന്ന് പിരിച്ചുവിട്ട് അനാഥരാക്കുന്ന രീതിയാണ് പലയിടങ്ങളിലും കാണുന്നത്. വഴി തെളിക്കേണ്ട പ്രായത്തിൽ വഴിയിലിറക്കുന്ന ഖേദകരമായ അനുഭവം. സായിനികേതന്റെ നയം അതല്ല. സ്വയം തൊഴിൽ ചെയ്ത് ജീവിക്കാനാവും വരെ ആൺകുട്ടികളെ സംരക്ഷിക്കുക. പെൺകുട്ടികളെ വിവാഹശേഷം പുതിയ പാതയിലേക്ക് നയിക്കുക.

പ്രാരംഭത്തിൽ തന്നെ പ്രതിമാസം ഒമ്പതിനായിരത്തിൽ അധികം രൂപ ചെലവ് വരുന്നു. പിരിവെടുത്ത് പണം ശേഖരിക്കുക ട്രസ്റ്റിന്റെ ശൈലിയല്ല. ധനം തേടി അലയുന്നതും ട്രസ്റ്റിന് ശീലമാവില്ല. വേണ്ടതൊക്കെയും വേണ്ടപ്പോൾ വന്നുചേരുന്നു. ഇന്നലെയും, ഇന്നും, നാളെയും എന്തെന്നറിയുന്ന 'സത്യസായി' എല്ലാം എത്തിച്ചുതരുന്നു. സർക്കാരിന്റെ ആനുകൂല്യങ്ങൾ പോലും 'സായിനികേതൻ' സ്വീകരിക്കുന്നില്ല. അതോടൊപ്പം നിയമവിധേയമായ പ്രവർത്തനത്തിലൂടെ ഔദ്യോഗികമായ അംഗീകാരവും സായിനികേതനുണ്ട്.

ഒരു വർഷക്കാലത്തെ പുതിയ ജീവിതം അനുഭവിച്ച കുട്ടികളോട് കഴിഞ്ഞദിവസം ഒരു സായി സേവകൻ ചോദിച്ചു: ' ഇവിടെ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ടത് എന്താണ്?' ഭജന! അതേ സായി ഭജന! അതായിരുന്നു അവരുടെ മറുപടി.

അച്ഛനും അമ്മയും ആരെന്നറിയാതെ, ജന്മസ്ഥലം ഏതെന്നറിയാതെ, തനിക്കാര്? താനാര്? എന്ന ബോധമില്ലാതെ, ചെയ്യാത്ത തെറ്റിന് ശിക്ഷ എന്നപോലെ ജന്മംകൊണ്ട ആ കുട്ടികൾക്ക് സത്യം കണ്ടറിയാൻ പാകത്തിന് അകക്കണ്ണ് തെളിയുന്ന സത്യം. സായിനികേതന്റെ സാക്ഷാത്കാരമാണ് - ഭഗവാന്റെ കൃപാകടാക്ഷം.

■




**5 ലക്ഷം സൗജന്യ ഡയാലിസിസ് പൂർത്തിയാക്കിയ ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയുടെ നവജീവനം സൗജന്യ ഡയാലിസിസ് പദ്ധതിയുടെ ബ്രോഷർ ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. മൻസുഖ് മാണ്ഡവ്യ ഉദ്ഘാടനം ചെയ്തു.**

5 ലക്ഷം സൗജന്യ ഡയാലിസിസ് പൂർത്തിയാക്കിയതിന്റെ ബ്രോഷർ ബഹു. കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രി ശ്രീ. മൻസുഖ് മാണ്ഡവ്യ ഉദ്ഘാടനം ചെയ്തു. അനേകം ജീവകാരുണ്യ പ്രവർത്തനത്തിൽ സജീവമായ ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയുടെ ലോകത്തിന് തന്നെ മാതൃകയായി തീർന്ന മഹത്പദ്ധതിയാണ് നവജീവനം സൗജന്യ ഡയാലിസിസ്. വൃക്കരോഗത്തിന് തുടർച്ചയായ ചികിത്സവേണം നിരന്തരമായ ഡയാലിസിസ് ചികിത്സയിലൂടെ ദാരിദ്ര്യത്തിൽ നിന്നും ദാരിദ്ര്യത്തിലേക്ക് എത്തുന്ന വൃക്കരോഗികളുടെ കുടുംബത്തെ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ട്രസ്റ്റ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം ഡയാലിസിസ് വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നെഫ്രോളജി വിഭാഗത്തിൽ ഇത്തരം രോഗികൾക്ക് കൃത്യമായി ഡയാലിസിസ് നൽകാനുള്ള സൗകര്യം വളരെ കുറവാണ്. വൃക്കരോഗികൾക്ക് ആവശ്യമായ എല്ലാ മരുന്നുകൾക്കും ഇ.പി.ഒ ഇൻജക്ഷനും നിലവിൽ വലിയ വിലയാണ്. ജീവൻ നിലനിർത്താൻ പാടുപെടുന്ന മരണത്തെ മുന്നിൽ കണ്ട് ഭീതിയോടെ കഴിയുന്ന ഇത്തരം പാവപ്പെട്ട രോഗികൾക്ക് ആശ്വാസത്തിന്റെ പ്രതീക്ഷയും പ്രത്യാശയുമായി പ്രവർത്തിക്കുകയാണ് നവജീവനം സൗജന്യ ഡയാലിസിസ് പദ്ധതി. ഈ പദ്ധതിയുടെ സംഭവ ചരിത്രം എന്തെന്നാൽ ട്രസ്റ്റിന്റെ ഫൗണ്ടറും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ശ്രീ. കെ. എൻ. ആനന്ദകുമാർ ഭാഷിക്കുന്നത്: 2004 ലെ അദ്ദേഹത്തിന്റെ പതിവുപോലെയുള്ള കൊച്ചി യാത്രയിൽ പഴയകാല സുഹൃത്ത് അഫ്രയെ കാണുകയും രോഗ വിവരം തിരക്കുകയും ഡയാലിസിസിന്റെ ചിലവ് ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരള ഏറ്റെടുക്കാമെന്ന് അറിയിക്കുകയും ചെയ്തു. മാത്രമല്ല ചിന്തിച്ച കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കിയിട്ടുള്ള ട്രസ്റ്റ് എറണാകുളം ജില്ലയിൽ ഒരു രൂപ പോലും സ്വീകരിക്കാതെ നിരാലംബരായ വൃക്കരോഗികൾക്കായി സൗജന്യ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കാൻ പോകുകയാണെന്ന് അറിയിക്കുകയും ചെയ്തു. അടുത്തമാസം എറണാകുളം ഗാന്ധി ഭവനിൽ ജസ്റ്റിസ്. ഷംസുദ്ദീന്റെ അദ്ധ്യക്ഷതയിൽ സൗജന്യ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് 3 മണിക്കൂർ നീണ്ട ആലോചനായോഗം നടത്തുകയും ചർച്ചകൾ പുരോഗമിച്ച് പന്ത്രണ്ടാമത്തെ യോഗത്തിൽ സൗജന്യ ഡയാലിസിസ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും പദ്ധതിയുടെ ഉദ്ഘാടനത്തിനായി അന്നത്തെ സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണനെ ക്ഷണിക്കുകയും ചെയ്തു.

എറണാകുളം റ്റി.ഡി.എം ഹാളായിരുന്നു ഉദ്ഘാടനത്തിനായി തിരഞ്ഞെടുത്തത്. 2005ൽ

ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ അദ്ധ്യക്ഷതയിൽ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് കേരളയുടെ സൗജന്യഡയാലിസിസ് പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും 2005 മേയ് മാസത്തിൽ ഇന്ത്യയുടെ പ്രഥമപൗരനായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം രണ്ടാം ഘട്ടം ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഒട്ടുമിക്ക ജില്ലകളിൽ രോഗികളിൽ നിന്നും 1500 രൂപ മുതൽ 2500 വരെ വാങ്ങിയിരുന്നത് ട്രസ്റ്റിന്റെ നവജീവനം ഡയാലിസിസ് പദ്ധതിയുടെ ഇടപെടൽ മൂലം വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകിയപ്പോൾ 600 രൂപ മുതൽ 700 രൂപവരെ ആക്കി കുറയ്ക്കുവാൻ സാധിക്കുകയും ഒട്ടനവധി വൃക്ക രോഗികൾക്ക് സഹായകമാവുകയും ചെയ്തു. അന്ന് മുതൽ 2021 ആഗസ്റ്റ് മാസം എത്തി നിൽക്കുമ്പോൾ കേരളത്തിലെ 6 ജില്ലാ ആശുപത്രിക ളുൾപ്പെടെ 13 ജില്ലകളിലും 20 കേന്ദ്രങ്ങളിലായി പാവപ്പെട്ട 5,03,738 വൃക്കരോഗികൾക്ക് ആശ്വാസം പകരാൻ ട്രസ്റ്റിന് കഴിഞ്ഞു. ഈ അവിരാമ സേവനങ്ങൾ കർമ്മോതലമാക്കുന്നത് ജാതി, മത, വർഗ്ഗ, വർണ്ണ, രാഷ്ട്രീയ വിവേചനമില്ലാതെ ഈ പ്രസ്ഥാനത്തോട് സഹകരിക്കുന്നവർ ഒപ്പമുപള്ളതിനാലാണ്. ലോകാരോഗ്യ സംഘടനയുടെ പ്രശംസ പിടിച്ചു പറ്റുകയും എങ്ങനെയാണ് ഒരു രൂപ പോലും ഈടാക്കാതെ പാവപ്പെട്ട വൃക്കരോഗികൾക്ക് സൗജന്യ ഡയാലിസിസ് നൽകുന്നത് എന്ന് വിശദീകരിക്കുവാൻ ട്രസ്റ്റ് ഫൗണ്ടർ & എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. കെ. എൻ. ആനന്ദകുമാറിനെ ഡൽഹിയിലേക്ക് ക്ഷണിക്കുകയുണ്ടായി. ജീവകാരുണ്യ പ്രവർത്തനത്തിലെ വിശിഷ്ടസേവനത്തിന് ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡിലും ആൾ ഇന്ത്യാ ബുക്ക് ഓഫ് റെക്കോർഡിലും ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് കേരള ഇടം നേടിക്കഴിഞ്ഞു. മാത്രമല്ല വേൾഡ് ഗിന്നസ് ബുക്കിലേക്കുള്ള രജിസ്ട്രേഷനും ട്രസ്റ്റ് ഇതിനകം നടത്തിക്കഴിഞ്ഞു.



# ഗാന്ധിമാർഗ്ഗം

**പെരിനാട് സദാനന്ദൻ പിള്ള**

ഗാന്ധിജിയുടെ മനസ്സിൽ സദാ ഉണ്ടായിരുന്ന സ്വപ്നം "സ്വരാജ് " ആയിരുന്നു. സമൂഹത്തിൽ ധനികൻ എന്നോ ദരിദ്രൻ എന്നോ വ്യത്യാസമില്ലാതെ എല്ലാ വർക്കും സ്വാതന്ത്ര്യം. അത് മറ്റാരുടെയും ഇടപെടലില്ലാതെ അവരവർ ഇഷ്ടപ്പെടുന്ന സ്വാതന്ത്ര്യം! സത്യവും അഹിംസയും മാർഗ്ഗങ്ങളായി സ്വീകരിച്ചവർ ആയിരിക്കണം അതു നേടേണ്ടതെന്നും, അത്യാവശ്യത്തിനു മാത്രമേ ആശുപത്രിയേയും പോലീസ് സ്റ്റേഷനേയും കോടതിയേയും ആശ്രയിക്കാവൂ എന്നും മഹാത്മജി നിർദ്ദേശിച്ചു. അതിന്റെ പരിണതഫലമെന്നോണം ഗ്രാമസ്വരാജും പഞ്ചായത്തുരാജും നിലവിൽ വന്നു. ഗാന്ധിജി ഒരിക്കൽ ഇങ്ങനെ പറഞ്ഞു: "സത്യം, അഹിംസ എന്നീ മാർഗ്ഗങ്ങളിലൂടെ മാത്രമാണ് സ്വരാജ് നേടേണ്ടതെന്നും, പരീക്ഷിക്കേണ്ടതെന്നുമുള്ള വിശ്വാസം നമുക്കെല്ലാം ഉണ്ടാകുമ്പോൾ മാത്രമേ എന്റെ ഭാവനയിലുള്ള സ്വരാജ് രൂപപ്പെടുകയുള്ളൂ. യഥാർത്ഥമായ ജനാധിപത്യം അസത്യത്തിലൂടെയും ഹിംസയിലൂടെയും ഉണ്ടാവുകയില്ല. "

# ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ്–കേരള

ശാസ്തമംഗലം, തിരുവനന്തപുരം: 695010
ഫോൺ : 0471 - 2721422, 9946480139
saigramam@gmail.com, www.saigramamaglobalvillage.org.
www.facebook.com/saigramam


# ഭഗവാൻ ശ്രീസത്യസായി ബാബയുടെ 96-ാം ജന്മദിനാഘോഷം

## 2021 നവംബർ 1 മുതൽ 23 വരെ

സായി സംഗീതോത്സവം
41 മണിക്കൂർ കർണ്ണാടക സംഗീതകച്ചേരി,
ഭജനോത്സവം,
നൃത്തോത്സവം, സമൂഹവിവാഹം

## 23 ദിവസം നീണ്ടു നിൽക്കുന്ന ജന്മദിനാഘോഷ പരിപാടികൾ

**41 മണിക്കൂർ നീണ്ടുനിൽക്കുന്ന സായി സംഗീതോത്സവം**

## 2021 നവംബർ 1 വൈകുന്നേരം 4 മണിക്ക്



ഉദ്ഘാടനം
**അഡ്വ. പി.എസ്. ശ്രീധരൻ പിള്ള**
(ബഹു. ഗോവ ഗവർണ്ണർ)

**സായിഗണേഷ് ഹാൾ** സായിഗ്രാമം, പാണ്ഡവൻമല,തോന്നയക്കൽ, തിരുവനന്തപുരം

# സായി സംഗീതോത്സവം-2021

**41 മണിക്കൂർ നീണ്ടുനിൽക്കുന്ന കർണ്ണാടക സംഗീതകച്ചേരി, ഭജനോത്സവം, നൃത്തോത്സവം, സമൂഹ വിവാഹം**

**1 നവംബർ തിങ്കളാഴ്ച**

വൈകുന്നേരം 4 മണിക്ക്

## ഉദ്ഘാടന സമ്മേളനം

വൈകുന്നേരം 5 മണിക്ക്

## സംഗീത വിരുന്ന്

അവതരണം: ശ്രീമതി. മഞ്ജരി
സുപ്രസിദ്ധ പിന്നണി ഗായിക

**2 നവംബർ ചൊവ്വാഴ്ച വൈകുന്നേരം 6 മണിക്ക്**

## ക്ലാസ്സിക്കൽ ഡാൻസ്

അവതരണം: കുമാരി. ദിവ്യാ ഷാജിയും സംഘവും
മഹേശ്വര ഡാൻസ് അക്കാദമി, നമ്പ്യാർകുളം

**3 നവംബർ ബുധനാഴ്ച വൈകുന്നേരം 6 മണിക്ക്**

## ഭക്തി ഗാനസുധ

അവതരണം: രാഗതരംഗിണി, തിരുവനന്തപുരം

**4 നവംബർ വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക്**

## സംഗീത സദസ്സ്

| | | |
|---|---|---|
| വോക്കൽ | : | ശ്രീ. തെങ്കര മഹാരാജൻ |
| വയലിൻ | : | ശ്രീ. കടനാട്. വി.കെ. ഹരിദാസ് |
| മൃദംഗം | : | ശ്രീ. ചങ്ങനാശ്ശേരി.കെ.ആർ. ജയൻ |
| ഗഞ്ചിറ | : | ശ്രീ. കടനാട് അനന്തകൃഷ്ണൻ |

**5 നവംബർ വെള്ളിയാഴ്ച വൈകുന്നേരം 6 മണിക്ക്**

## സംഗീത സദസ്സ്

| | | |
|---|---|---|
| വോക്കൽ | : | ശ്രീമതി. ഉഷാ ഈശ്വർ ഭട്ട് (കാസറഗോഡ്) |
| വയലിൻ | : | ശ്രീ. ഉടുപ്പി. എസ്. ശ്രീജിത്ത് |
| മൃദംഗം | : | ശ്രീ. എൽ. ഗോപാലകൃഷ്ണൻ |
| ഘടം | : | ശ്രീ. വി. രാമസ്വാമി അയ്യർ |

**6 നവംബർ**
**ശനിയാഴ്ച**
**വൈകുന്നേരം 6 മണിക്ക്**

## സംഗീത സദസ്സ്

വോക്കൽ : ശ്രീ. ആനയടി. എൻ. പ്രസാദ്
വയലിൻ : ശ്രീ. കെ.സി. വിവേക് രാജ
മൃദംഗം : ശ്രീ. എൻ. ഹരി
ഘടം : ശ്രീ. കോവൈ സുരേഷ്

**7 നവംബർ**
**ഞായറാഴ്ച**
**വൈകുന്നേരം 6 മണിക്ക്**

## ഭജൻ സന്ധ്യ

വോക്കൽ : ശ്രീമതി. ജ്യോതിലക്ഷ്മി ഉദയകുമാർ
വയലിൻ : ശ്രീ. കെ.സി. വിവേക് രാജ
മൃദംഗം : ശ്രീ. എൻ. ഹരി
ഘടം : ശ്രീ. കോവൈ സുരേഷ്
തബല : ശ്രീ. വിജയകുമാർ ഇരിട്ടി

**8 നവംബർ**
**തിങ്കളാഴ്ച**
**വൈകുന്നേരം 6 മണിക്ക്**

## സംഗീത സായാഹ്നം

വോക്കൽ : രഞ്ജിനി പരമേശ്വരൻ
തീർത്ഥാ നായർ
വയലിൻ : ശ്രീ. ബി. വൈഷ്ണവ്
മൃദംഗം : ശ്രീ. ശ്രീവരാഹം പി. ഹരിശങ്കർ

**9 നവംബർ**
**ചൊവ്വാഴ്ച**
**വൈകുന്നേരം 6 മണിക്ക്**

## വീണാ–വേണു–
## വയലിൻ ജുഗൽബന്ധി

വീണ : ശ്രീ. കോഴിക്കോട് വി. സൗന്ദരരാജൻ
ഫ്ളൂട്ട് : ഡോ. പി. പത്മേഷ്
വയലിൻ : ശ്രീ. ആറ്റുകാൽ ബാലസുബ്രഹ്മണ്യം
മൃദംഗം : ശ്രീ. ചേർത്തല ആർ. ജയദേവൻ
ഘടം : ശ്രീ. ആദിച്ചനല്ലൂർ അനിൽകുമാർ

**10 നവംബർ**
**ബുധനാഴ്ച**
**വൈകുന്നേരം 6 മണിക്ക്**


## ഭജൻ സന്ധ്യ

വോക്കൽ : ശ്രീമതി. കെ. ആർ. ശ്യാമ
കീബോർഡ് : ശ്രീ. അഖിൽ
തബല : ശ്രീ. ബാലു കൃഷ്ണ

**11 നവംബർ**
**വ്യാഴാഴ്ച**
**വൈകുന്നേരം 6 മണിക്ക്**

## സംഗീത സദസ്സ്

വോക്കൽ : ഡോ. ശ്രീദേവ് രാജഗോപാൽ
വയലിൻ : പ്രൊഫ. എസ്. ഈശ്വരവർമ്മ
മൃദംഗം : ശ്രീ. തിരുവനന്തപുരം വി. രവീന്ദ്രൻ
ഘടം : ശ്രീ. അഞ്ചൽ എച്ച്. കൃഷ്ണയ്യർ



**12** നവംബർ
വെള്ളിയാഴ്ച
വൈകുന്നേരം 6 മണിക്ക്

## ക്ലാസിക്കൽ ഡാൻസ്

അവതരണം :ശ്രീമതി. രാഗിണി ആർ. പണിക്കർ
(ഗിന്നസ് റെക്കോർഡ് ജേതാവ്)

**13** നവംബർ
ശനിയാഴ്ച
വൈകുന്നേരം 6 മണിക്ക്

## സംഗീത സദസ്സ്

| | | |
|---|---|---|
| വോക്കൽ | : | ശ്രീ. ചെങ്കോട്ട ഹരിഹര സുബ്രഹ്മണ്യം |
| വയലിൻ | : | ശ്രീമതി. വൈക്കം പത്മാകൃഷ്ണൻ |
| മൃദംഗം | : | പ്രൊഫ. വൈക്കം വേണുഗോപാൽ |
| ഘടം | : | ശ്രീ. തിരുവനന്തപുരം ആർ. രാജേഷ് |
| മുഖർശംഖ് | : | ശ്രീ. തിരുനക്കര രതീഷ് |

**14** നവംബർ
ഞായറാഴ്ച
വൈകുന്നേരം 6 മണിക്ക്

## സംഗീതസുധ

| | | |
|---|---|---|
| വോക്കൽ | : | ശ്രീമതി. എൻ.ജെ. നന്ദിനി |
| കീബോർഡ് | : | ശ്രീ. അർജുൻ |
| മൃദംഗം | : | ശ്രീ. ബോംബെ കെ. ബി. ഗണേഷ് |
| തബല | : | ശ്രീ. ബാലു കൃഷ്ണ |

**15** നവംബർ
തിങ്കളാഴ്ച
വൈകുന്നേരം 6 മണിക്ക്

## ഭക്തിഗാനസുധ

അവതരണം: ശ്രീ. രാജേഷ് ചെമ്പഴന്തി & പാർട്ടി

**16** നവംബർ
ചൊവ്വാഴ്ച
വൈകുന്നേരം 6 മണിക്ക്

## സംഗീതസുധ

| | | |
|---|---|---|
| വോക്കൽ | : | ശ്രീമതി.സുധാ ഗണേഷ് |
| വയലിൻ | : | കുമാരി.വർക്കല അമൃതലക്ഷ്മി |
| മൃദംഗം | : | ശ്രീ. തിരുവനന്തപുരം ഹരിഹരൻ |
| തബല | : | ശ്രീ. ശ്രീജിത്ത് |

**17** നവംബർ
ബുധനാഴ്ച
വൈകുന്നേരം 6 മണിക്ക്


## ക്ലാസ്സിക്കൽ ഡാൻസ്

അവതരണം: ഡോ. ഗായത്രി സുബ്രഹ്മണ്യം & പാർട്ടി

**18** നവംബർ
വ്യാഴാഴ്ച
വൈകുന്നേരം 6 മണിക്ക്

## ഹിന്ദുസ്ഥാനി സംഗീതക്കച്ചേരി

അവതരണം: ശ്രീമതി. അബ്രദിത ബാനർജിയും സംഘവും



**19** നവംബർ
വെള്ളിയാഴ്ച
വൈകുന്നേരം 6 മണിക്ക്

## സംഗീത സദസ്സ്

വോക്കൽ : ശ്രീ. പ്രശാന്ത് കൈമൾ
വയലിൻ : ശ്രീമതി. ശ്വേത അനന്തശിവൻ
മൃദംഗം : ശ്രീ. പി.എൽ. ഹരികൃഷ്ണൻ
ഘടം : ശ്രീ. തിരുവനന്തപുരം മനോജ്

**20** നവംബർ
ശനിയാഴ്ച
വൈകുന്നേരം 6 മണിക്ക്

## സംഗീത സായാഹ്നം

വോക്കൽ : ശ്രീ.ഹൃദയേഷ് ആർ. കൃഷ്ണൻ
കുമാരി.വർഷ. എസ്. കൃഷ്ണൻ
വയലിൻ : ശ്രീ.രാഹുൽ
മൃദംഗം : ശ്രീ.സൂരജ്
ഗഞ്ചിറ : ശ്രീ.സത്യ

**21** നവംബർ
ഞായറാഴ്ച
വൈകുന്നേരം 6 മണിക്ക്

## നൃത്തോപാസന

അവതരണം : നാട്യാഞ്ജലി സ്കൂൾ ഓഫ് പാല
കലാരത്നം ശ്രീമതി. ഭദ്രാ അമൽ & പാർട്ടി

**22** നവംബർ
തിങ്കളാഴ്ച
വൈകുന്നേരം 6 മണിക്ക്

## ഭക്തിഗാനസുധ

അവതരണം : മന്ത്രലയ,
കരമന, തിരുവനന്തപുരം


**23** നവംബർ
ചൊവ്വാഴ്ച
രാവിലെ 9 മണിക്ക്

## ഭക്തിഗാനസുധ

അവതരണം : ശ്രീമതി. സിന്ധു പ്രതാപും സംഘവും

രാവിലെ 11 മണിക്ക്

**ഭഗവാൻ ശ്രീ സത്യസായി ബാബയുടെ**
**96–ാമത് ജന്മദിനാഘോഷ സമാപന സമ്മേളനം സമൂഹവിവാഹം**



ഉദ്ഘാടനം
**ശ്രീ. ആരിഫ് മൊഹമ്മദ് ഖാൻ**
(ബഹു. കേരള ഗവർണ്ണർ)

## ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയുടെ എറണാകുളം ജില്ലാ കമ്മിറ്റി മീറ്റിംഗ്











ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം പഞ്ചായത്തിൽ ഓട്ടിസം ബാധിതനായ ശരത്തിന്റെ നവീകരിച്ച വീടിന്റെ താക്കോൽ ദാനം ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരള ഫൗണ്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. എൻ. ആനന്ദകുമാർ നിർവ്വഹിക്കുന്നു









ട്രസ്റ്റ് ചെയർപേഴ്സൺ ജസ്റ്റിസ്. എ. ലക്ഷ്മികുട്ടിയുടെ അദ്ധ്യക്ഷതയിൽ സായിഗ്രാമത്തിലെ സായി ഗണേഷ് ഹാളിൽ കൂടിയ ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയുടെ സംസ്ഥാനഭാരവാഹികൾ, ജില്ലാ ഭാരവാഹികൾ, ഡയറക്ടർ ബോർഡംഗങ്ങൾ, ട്രസ്റ്റ് ബോർഡ് അംഗങ്ങൾ എന്നിവരുടെ യോഗം









## നവരാത്രി ആഘോഷത്തോടനുബന്ധിച്ച് സായിഗ്രാമത്തിൽ നടന്ന ഭക്തിഗാനസുധയും വിദ്യാരംഭവും















# പർത്തിമഹേശ്വരി


പി.ആർ. പ്രസാദ്

പ്രാർത്ഥിച്ചാൽ തീരാത്ത നാമമല്ലോ....
പാടിയാൽ തീരാത്ത രാഗമല്ലോ ....
പർത്തിമഹേശ്വരി സായി മാതേ
അടിമലർ തൊഴുതിടുന്നടിയനെന്നും

വിദ്യാദായിനി സായിമഹേശ്വരി
നാദസ്വരൂപിണി വാണിമാതേ !
സപ്തസ്വരങ്ങളും സാധകംചെയ്യുന്നു
സായി സവിധത്തിലെന്നുമെന്നും

വിദ്യാ സ്വരൂപിണി വിശ്വ മാതേ ....
വിജ്ഞാന തൃഷ്ണയിൽ ജ്ഞാനമേകു.....
പർത്തിയുണരുപ്പോൾ ഓങ്കാര നിർവൃതി
വിശ്വമുണർത്തുന്നൊരാനന്ദ നിർവൃതി.






ഭഗവാൻ ശ്രീ സത്യസായിബാബയുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ള പ്രശാന്തി നിലയത്തിൽ നിന്നും കൊണ്ടുവന്ന 2022 വർഷത്തെ ഡയറി 300 രൂപ നിരക്കിൽ തോന്നക്കൽ സായി ഗ്രാമത്തിലും ശ്രീസത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയുടെ ഹെഡ് ഓഫീസിലും ലഭ്യമാണ്.

NB:കൊറിയർ ചാർജും ഡയറിയുടെ ചാർജും കൂടി ചേർന്ന് ഡയറി പുട്ടപർത്തിയിൽ നിന്നും ഇവിടെ എത്തിക്കുവാൻ ധാരാളം ചിലവ് വന്നതിനാലാണ് 300 രൂപ നിരക്കിൽ നൽകുന്നത്.



# 25 ാം വർഷം

## ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സൗജന്യ സേവന സംരംഭങ്ങളും സാരഥികളും

### തിരുവനന്തപുരം ജില്ല

1. **ശ്രീസത്യസായിസർവ്വീസ്സെൽ**
(പൊതുജനസേവനകേന്ദ്രം)
ശാസ്തമംഗലം, തിരുവനന്തപുരം : 695010
സൗജന്യസേവനത്തിന്ബന്ധപ്പെടുക
ഫോൺ:04712728985

2. **ശ്രീസത്യസായി സൗജന്യ നിയമ സഹായ സെൽ**
ശാസ്തമംഗലം, തിരുവനന്തപുരം:695010
ഫോൺ:8592092017

3. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ – ആറ്റിങ്ങൽ**
ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് - കേരളയും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയും ആറ്റിങ്ങൽ ഗവ.ഹോസ്പിറ്റലും ചേർന്ന് ആറ്റിങ്ങൽ വലിയ കുന്ന് ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റലിൽ ആരംഭിച്ചു.

### സായിഗ്രാമത്തിന് പുറത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

4. **ശ്രീ സത്യസായി ക്ലോത്ത് ബാങ്ക്**
5. **മൊബൈൽ ക്ലോത്ത് ബാങ്ക്**
6. **മാവേലി സ്റ്റോർ**
7. **സായിദർശൻ സ്റ്റുഡിയോ** (സത്യം ശിവം സുന്ദരം)
ഹെഡ് ഓഫീസ്, ശാസ്തമംഗലം,
തിരുവനന്തപുരം 695 010.
8. **സായിദർശൻ – പബ്ലിക്കേഷൻ വിഭാഗം**
ഭഗവാൻ ശ്രീ സത്യസായി ബാബയെക്കുറിച്ചുള്ള പുസ്തകങ്ങൾ, ഹെഡ് ഓഫീസ്,
ശാസ്തമംഗലം, തിരുവനന്തപുരം 695010
9. **ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം**
പെരുങ്കുഴി, തിരുവനന്തപുരം.



### കൊല്ലം ജില്ല

1. **സായിനികേതൻ**
തിരുമുല്ലാവാരം ക്ഷേത്രത്തിനു സമീപം, ചിറ്റേഴത്ത് കാവ്, കൊല്ലം - 691 012,

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീ. എസ്.നാരായണൻ, |
| വൈസ് പ്രസിഡന്റ് | : | ഡോ. ആർ.ശ്രീദേവി പിള്ള |
| സെക്രട്ടറി | : | ശ്രീ. സി.കെ. രവി |
| ജോയിന്റ് സെക്രട്ടറി | : | അഡ്വ. ജി. വിജയകുമാർ |
| രക്ഷാധികാരി | : | ശ്രീ. കെ. ഗോപിനാഥൻ |

2. **സായിസ്പർശ് ഓട്ടിസം സെന്റർ**
തിരുമുല്ലാവാരം ക്ഷേത്രത്തിനു സമീപം,
ചിറ്റേഴത്ത്കാവ്, കൊല്ലം - 691 012

3. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
4 വർഷം പൂർത്തിയാക്കി (2007-2021) നായേഴ്സ് ഹോസ്പിറ്റലിൽ, കൊല്ലം
ചെയർമാൻ : ഡോ ജി. മോഹൻ,
കൺവീനർ : ശ്രീ. കെ.പ്രസന്നകുമാർ
ചീഫ് കോ-ഓർഡിനേറ്റർ : ശ്രീ. എസ്. നാരായണൻ,
ഫോൺ: 9747794292

4. **ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം** തടിക്കാട്, അഞ്ചൽ, കൊല്ലം

5. **ശ്രീ സത്യസായി സൗജന്യ പി.എസ്.സി കോച്ചിംഗ് സെന്റർ** തടിക്കാട്, അഞ്ചൽ, കൊല്ലം

## ആലപ്പുഴ ജില്ല

1. **ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരള, ജില്ലാ ഓഫീസ്**
സൂര്യ, ചെല്ലാട്ട് ലൈൻ, പഴവീട്, ആലപ്പുഴ
ജില്ലാ പ്രസിഡന്റ് : ശ്രീ. മഹീന്ദ്രകുമാർ
വൈസ് പ്രസിഡന്റ് : ശ്രീ. ഹബീബ് തയ്യൽ
ജനറൽ സെക്രട്ടറി : ശ്രീ. രാജേഷ്
സെക്രട്ടറി : ശ്രീ. അനിൽ
ചീഫ് കോർഡിനേറ്റർ : ശ്രീ. അനിൽ കായംകുളം

2. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
പത്താം വർഷത്തിലേയ്ക്ക് (2011 - 2021)
ജില്ലാ ആശുപത്രി, ഹരിപ്പാട്

3. **ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം**
സൂര്യ, ചെല്ലാട്ട് ലൈൻ, പഴവീട്, ആലപ്പുഴ

## കോട്ടയം ജില്ല

1. **സായൂജ്യം വൃദ്ധസദനം**
ഇരവിനല്ലൂർ പി.ഒ, കോട്ടയം - 686011
സെക്രട്ടറി : 924979622

2. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
11 വർഷം പൂർത്തിയാക്കി (2010-2021)
ജില്ലാ ആശുപത്രി, കോട്ടയം.
ജില്ലാ പ്രസിഡന്റ് : പഴയിടം മോഹനൻ നമ്പൂതിരി
കോർഡിനേറ്റർ : സേതുനാഥ്. ആർ

3. **സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം**
മുണ്ടക്കയം, കോട്ടയം

## ഇടുക്കി ജില്ല

1. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
ജില്ലാ ആശുപത്രി, ഇടുക്കി (2013-2021) 8 വർഷം പൂർത്തിയാക്കി
കോ-ഓർഡിനേറ്റർ : ശ്രീ.സലീം
ജില്ലാ പ്രസിഡന്റ് : ശ്രീ.അനന്തു കൃഷ്ണൻ
ജില്ലാ സെക്രട്ടറി : ശ്രീമതി. ഷീബ

## എറണാകുളം ജില്ല

1. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ ഇന്ദിരാഗാന്ധി കോർപ്പറേറ്റീവ് ഹോസ്പിറ്റൽ, ഗാന്ധിനഗർ, എറണാകുളം**
50,000 ഡയാലിസിസ് പൂർത്തിയാക്കി.
സെക്രട്ടറി : ശ്രീ. കെ. വി. പോൾ
ഫോൺ: 9447018273

2. **ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം**
**വടക്കൻ പറവൂർ, എറണാകുളം**
ജില്ലാ പ്രസിഡന്റ് : കമാന്റർ. ജലേഷ്
സെക്രട്ടറി : ശ്രീമതി. ജയശ്രീ
വൈസ് പ്രസിഡന്റ : ശ്രീമതി. ശ്രീലേഖ നായർ
വൈസ് പ്രസിഡന്റ് : ശ്രീമതി. വീണാ സതീഷ്
ചീഫ് കോർഡിനേറ്റർ : ശ്രീ. രഞ്ജിത്ത്
കോർഡിനേറ്റർ : പ്രൊഫ. പ്രസന്ന
വൈസ് പ്രസിഡന്റ് : ശ്രീ. നിമിൽ മോഹൻ
ജോയിന്റ് സെക്രട്ടറി : ശ്രീ. വിനയൻ
കോർഡിനേറ്റർ : ശ്രീ. ഗോപാലൻ

## പാലക്കാട് ജില്ല

1. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
ജില്ലാ ആശുപത്രി, പാലക്കാട്, (2010-2021)
11 വർഷം പൂർത്തിയാക്കി.(ജില്ലാ ആശുപത്രി, ജില്ലാ പഞ്ചായത്ത് എന്നിവയുടെ സഹകരണത്തോടെ)
പ്രസിഡന്റ് : ശ്രീ. ആർ. ചന്ദ്രശേഖർ,
ഫോൺ : 944717326,
വൈസ് പ്രസിഡന്റ് : ശ്രീ. സുനിൽ മണ്ണാർകാട്
സെക്രട്ടറി : പുതൂർ ശ്രീനിവാസൻ

## അട്ടപ്പാടി

1. **പുനർജനി**
മാനസിക രോഗം ഭേദപ്പെട്ടവർക്കായുള്ള പുനരധിവാസ പദ്ധതി





2. **തെളിനീർ സൻസദ് ആദർശ് ഗ്രാമ യോജന കുടിവെള്ള പദ്ധതി**
3. **നവജീവനം സൗജന്യ ഡയാലിസിസ് സെന്റർ**
   ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അട്ടപ്പാടി,
   മാനേജർ : ശ്രീ ഗോപാലകൃഷ്ണൻ,
   ഫോൺ : 974493123
4. **റീജിയണൽ ഓഫീസ്** , അഗളി പി.ഒ, അട്ടപ്പാടി,
   മാനേജർ : ശ്രീ. ഗോപാലകൃഷ്ണൻ
5. **ശ്രീ സത്യസായി ആയുർവേദ ക്ലിനിക്**
   റീജിയണൽ ഓഫീസ്, അഗളി പി.ഒ, അട്ടപ്പാടി 6. ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് - കേരള - കമ്പ്യൂട്ടർ സന്റർ, പുതൂർ. പി ഒ, ചാവടിയുർ,
   ഫോൺ: 9846691634
7. **സത്യസായിഗ്രാമം താഴെ മഞ്ചിക്കണ്ടി**
8. **താഴെ മഞ്ചിക്കണ്ടിയിലെ ആദിവാസികളെ കൊണ്ട് 4000 വാഴ കൃഷി ചെയ്യിക്കുന്നു.**
9. **ആദിവാസി യുവജനങ്ങളെ ട്രാക്ടർ ഓടിക്കുവാൻ പഠിപ്പിക്കുന്നു.**
10. **വനമിത്ര – ആദിവാസി ഉൽപന്നങ്ങളുടെ വിപണന കേന്ദ്രം**

## മലപ്പുറം ജില്ല

1. **ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലനകേന്ദ്രം**
   1.കീഴുപറമ്പ ഗ്രാമ പഞ്ചായത്ത്
   2.വണ്ടൂർ ഗ്രാമ പഞ്ചായത്ത്

## കോഴിക്കോട് ജില്ല

1. **പാത്തിപ്പാറ ആദിവാസി കോളനി**
   ട്രസ്റ്റ് ദത്തെടുത്ത് ആദിവാസികൾക്കായി ഉന്നമന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആഴ്ചതോറും ഭക്ഷണത്തിനു പുറമേ ബാലവികാസ്, മെഡിക്കൽ ക്യാമ്പ്, വ്യക്തിത്വ വികസനം, ശുചിത്വ ക്ലാസ്സുകൾ എന്നിവയും തുടർച്ചയായി നൽകിവരുന്നു.

## കണ്ണൂർ ജില്ല

1. **സായി ക്ലിനിക്ക് സൗജന്യ ആയുർവ്വേദ ആശുപത്രി**
   പ്രസിഡന്റ് : ശ്രീ. പ്രേമാനന്ദ്,
   സെക്രട്ടറി : ശ്രീ കെ.സി. ഷിജു
   ഫോൺ : 9447854170
2. **സായി പാലിയേറ്റീവ് കെയർ യൂണിറ്റ്**
   250 കിടപ്പുരോഗികളുടെ പരിചരണം സൗജന്യമായി



## കാസർഗോഡ് ജില്ല

1. **ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരള ജില്ലാ ഓഫീസ്**
2. എൻഡോസൾഫാൻ ദുരിത ബാധിതർക്കായി 108 വീടുകൾ ഉള്ള സത്യസായിഗ്രാമം ടൗൺ ഷിപ്പ് പ്രോജക്ട്
3. ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ
4. സത്യസായിഗ്രാമം, ഇരിയ, കാഞ്ഞിരടുക്കം.
5. സോളാർ ടൗൺഷിപ്പ് സത്യസായിഗ്രാമം, കാഞ്ഞങ്ങാട്, കാസർഗോഡ്
6. ഷിർദ്ദി സായി ക്ഷേത്രം
7. ശ്രീ സത്യസായി സൗജന്യ ഡയാലിസിസ് ഹോസ്പിറ്റൽ
8. ശ്രീ സത്യസായി ഫ്രീ ഹോസ്പിറ്റൽ ഫോർ വുമൺ & ചിൽഡ്രൻ (പണി പുരോഗമിക്കുന്നു)
9. സത്യസായിഗ്രാമം, എൻമകജെ
10. ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം.
11. പി. എസ്. സി കോച്ചിംഗ് സെന്റർ
    ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് - കേരള ജില്ലാ ഓഫീസ് ജില്ലാ പ്രസിഡന്റ് : ശ്രീ. കെ. ദാമോദരൻ ആർക്കിടെക്ട്
    ജില്ലാ വൈസ് പ്രസിഡന്റ് & ചീഫ് കോ - ഓർഡിനേറ്റർ : ശ്രീ. എം. കെ. ഭാസ്കരൻ
    ജില്ലാ സെക്രട്ടറി : ശ്രീമതി. ഉഷാ കുമാരി



# സായിഗ്രാമത്തിൽ പ്രവർത്തിക്കുന്ന പ്രധാന കേന്ദ്രങ്ങൾ

1. സായൂജ്യം (മുത്തശ്ശിമാരുടെ വാസസ്ഥലം)
2. സാകേതം (മുത്തച്ഛന്മാരുടെ വാസസ്ഥലം)
3. സാന്ത്വനം (ബുദ്ധിമാന്ദ്യം സംഭവിച്ചവരുടെ വാസസ്ഥലം)
4. സായിനികേതൻ
5. സത്യം, ശിവം, സുന്ദരം (കുട്ടികളുടെവാസസ്ഥലം)
6. സായി നാരായണാലയം (സൗജന്യ ഭക്ഷണശാല)
7. സായി സ്പർശ് ഓട്ടിസം സെന്റർ
8. ശ്രീ സത്യസായി ആർട്സ് & സയൻസ് കോളേജ് (എയ്ഡഡ്)
9. ശ്രീ സത്യസായി വിദ്യാമന്ദിർ
10. ശ്രീ സത്യസായി ഐ.എ.എസ്. അക്കാഡമി
11. ആറ്റിങ്ങൽ, ഗവ. പോളിടെക്നിക്കുമായി സഹകരിച്ച് പ്രവർത്തിക്കുന്ന സൗജന്യ കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ
12. ശ്രീ സത്യസായി സൗജന്യ തയ്യൽ പരിശീലന കേന്ദ്രം (ആറ്റിങ്ങൽ, ഗവ. പോളിടെക്നിക്കുമായി സഹകരിച്ച് പ്രവർത്തിക്കുന്നു)
13. സായിഗ്രാമം ബാലഭവൻ
14. ലൈബ്രറി & കമ്പ്യൂട്ടർ ലാബ്
15. വേദ പാഠശാല
16. ശ്രീ സത്യസായി ഹാൻഡ്‌ലൂം സെന്റർ
17. സായി പോട്ടറി സെന്റർ
18. കരകൗശല പരിശീലനകേന്ദ്രം
19. ആയുഷ് ഹോളിസ്റ്റിക്ക് സെന്റർ
20. ശ്രീ സത്യസായി ഹോസ്പിറ്റൽ
21. സായി ക്ലിനിക്കൽ ലബോറട്ടറി
22. ഷിർദ്ദിസായി ബാബാ ക്ഷേത്രം
23. ശ്രീ സത്യസായി ബാബാ ക്ഷേത്രം
24. സായി ഗായത്രി ക്ഷേത്രം
25. ശ്രീ ബുദ്ധ ക്ഷേത്രം
26. അയ്യപ്പ ക്ഷേത്രം
27. ശ്രീ മഹാഗണപതി, ശിവപാർവ്വതി, ശ്രീ സുബ്രഹ്മണ്യസ്വാമി ക്ഷേത്രങ്ങൾ
28. നാഗര് കാവും കുളവും
29. ദ്വാരകാമയി മന്ദിരം
30. സായിദീപ് മണ്ഡപം
31. താമര കുളം
32. ലെൻഡി തോട്ടം (4500 Sq.Ft.)
33. ജലതരംഗ് 34. സോഷ്യൽ ടൂറിസം പ്രോജക്ട് (കേരളാ ഗവൺമെന്റുമായി സംയോജിച്ച് നടത്തുന്നു)
35. ആർട്ട് വില്ലേജ്
36. ഹൈടെക്ക് അഗ്രിഫാം (5000 Sq.Ft.)
37. സായി ഹെർബൽ നഴ്സറി (15000 Sq.Ft.)
38. ഓർഗാനിക്ക് വെജിറ്റബിൾ ഫാം
39. സായിഗ്രാമം പൂന്തോട്ടം
40. നെൽപ്പാടങ്ങൾ
41. സത്യസായി ഗോകുലം ഡയറി ഫാം
42. സോളാർ ടൗൺഷിപ്പ്
43. ബയോഗ്യാസ് പ്ലാന്റ്
44. മഴവെള്ള സംഭരണി
45. മലിനജല ശുദ്ധീകരണ പ്ലാന്റ് (15000 ലിറ്റർ)
46. ജല ശുദ്ധീകരണ കേന്ദ്രം (50000 ലിറ്റർ)
47. സായി ഗണേഷ് ഹാൾ (18,000 Sq.Ft.)
48. സായി ഗസ്റ്റ് ഹൗസ്
49. സ്റ്റോർ റൂമുകൾ
50. സ്റ്റഡി റൂം
51. സായി ബുക്ക് സ്റ്റാൾ & സ്റ്റോർ
52. പ്രയാഗ് അതിഥി മന്ദിരം
53. ഗോകുലം ഗസ്റ്റ് ഹൗസ്
54. സായി ഗസ്റ്റ് ഹൗസ്
55. സ്റ്റാഫ് ക്വാട്ടേഴ്സ്
56. സായി ദർശൻ സ്റ്റുഡിയോ
57. മൊബൈൽ ക്ലോത്ത് ബാങ്ക്
58. മാവേലി സ്റ്റോർ
59. പോസ്റ്റോഫീസ്
60. സായിഗ്രാമം പോലീസ് സ്റ്റേഷൻ
61. സെക്യൂരിറ്റി റൂം
62. പ്രശാന്തിനിലയത്തിലെ കല്പവൃക്ഷം പോലെ പാറ ഭേദിച്ച് വളർന്ന് നിൽക്കുന്ന പുളിമരം (കുന്നിൻ മുകളിൽ) ■

## 16 വർഷം കൊണ്ട് കേരളത്തിലെ പാവപ്പെട്ട വൃക്കരോഗികൾക്ക് 5,10,000 സൗജന്യ ഡയാലിസിസ് നൽകിയ

# നവജീവനം

ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെട്ടതും, ഏറ്റവും പുണ്യം നിറഞ്ഞതുമായ പദ്ധതിയാണ് നവജീവനം സൗജന്യ ഡയാലിസിസ്സ് സെന്റർ. കഴിഞ്ഞ 16 വർഷങ്ങളായി കേരളത്തിലൂടനീളം സൗജന്യ ഡയാലിസിസ് നൽകിവരുന്നു. ഇപ്പോൾ കേരളത്തിലെ 7 ജില്ലകളിലായി 9 സെന്ററുകൾ **(തിരുവനന്തപുരം: 1, കൊല്ലം: 1, ആലപ്പുഴ:1, കോട്ടയം:1, ഇടുക്കി: 1, എറണാകുളം:1, പാലക്കാട് :2, കാസർഗോഡ്: 1)**

ഇതുവരെ ഏകദേശം **50** കോടിയിലധികം രൂപ ചിലവഴിച്ച് **5,10,000** സൗജന്യ ഡയാലിസിസ്സ് കേരളത്തിലെ പാവപ്പെട്ട വൃക്കരോഗികൾക്ക് കൊടുത്തു കഴിഞ്ഞു.

**ഇപ്പോൾ പ്രവർത്തിക്കുന്ന ട്രസ്റ്റിന്റെ നവജീവനം സൗജന്യ ഡയാലിസിസ് സെന്ററുകൾ**


1. ഇന്ദിരാഗാന്ധി കോർപ്പറേറ്റീവ് ഹോസ്പിറ്റൽ, എറണാകുളം. 2. ജില്ലാ ആശുപത്രി, പാലക്കാട്.
3. ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, അട്ടപ്പാടി, പാലക്കാട്. 4. കോട്ടയം ജില്ലാ ആശുപത്രി,
5. ഇടുക്കി ജില്ലാ ആശുപത്രി. 6. ജില്ലാ ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ.
7. നായർസ് ഹോസ്പിറ്റൽ, കൊല്ലം.
8. ഗവ. താലൂക്ക് ആശുപത്രി, വലിയകുന്ന്, ആറ്റിങ്ങൽ.
9. ശ്രീ സത്യസായി സൗജന്യ ഡയാലിസിസ് കേന്ദ്രം, കാട്ടുമാടം, കാസർഗോഡ്.


ഒരു രൂപപോലും സ്വീകരിക്കാതെയാണ് ഇത്രയും ഡയാലിസിസുകൾ ട്രസ്റ്റ് നൽകിയത്. ഇന്ത്യയിൽ ഒരു സ്ഥാപനത്തിനും ഇത് ചെയ്യുവാൻ പറ്റിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. 2005 ജൂണിൽ പദ്ധതിയുടെ 2-ാം ഘട്ടം അന്നത്തെ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൾകലാം ഉദ്ഘാടനം ചെയ്തു.

## സായിമഹിമ

**വാർഷിക വരിസംഖ്യ: 100 രൂപ**
**ആജീവനാന്ത വരി സംഖ്യ: 1000 രൂപ**


ചേരുക വായിക്കുക മനസ്സിലാക്കുക
ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് - കേരളയുടെ മുഖപത്രം
25 വർഷമായി പരസ്യം പോലുമില്ലാതെ വായനക്കാരിൽ




***Our Bank Accout Details***

Account Name: Sri Sathya Sai Orphanage Trust- Kerala.
Bank: SBI, Sasthamangalam Branch
Account No: 67195893355, Ifsc Code: SBIN 0070023
**ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരള**
**ശാസ്തമംഗലം, തിരുവനന്തപുരം – 695 010**
ഫോൺ : 0471-2721422, 8593031422
E-mail : saigramam@gmail.com
Website: www.saigramamaglobalvillage.org



# സ്ഥിര താമസത്തിന്
# സായി ഗസ്റ്റ് ഹൗസുകൾ

തോന്നയ്ക്കലുള്ള സായിഗ്രാമത്തിൽ തികച്ചും ഗ്രാമീണ അന്തരീക്ഷത്തിൽ താമസത്തിന് ഗസ്റ്റ് ഹൗസുകൾ ലഭ്യമാണ്. ഗ്രാമത്തിന്റെ പരിശുദ്ധിയും ആശ്രമത്തിന്റെ പവിത്രതയും ആഗ്രഹിക്കുന്ന ഏവർക്കും ഈ സംരംഭവുമായി സഹകരിക്കാം


## ഇവിടെ എല്ലാം സൗജന്യമാണ്

മെഡിക്കൽ ക്ലിനിക്ക്, വെജിറ്റേറിയൻ ഭക്ഷണം, യോഗ, മെഡിറ്റേഷൻ തുടങ്ങിയ ആദ്ധ്യാത്മിക ക്ലാസ്സുകൾ, സൗജന്യ ആംബുലൻസ് സർവ്വീസ്, മഹാഗണപതി, ശിവപാർവ്വതി, സുബ്രഹ്മണ്യ സ്വാമി എന്നീ ദേവീദേവന്മാരുടെ ക്ഷേത്രങ്ങൾ, ഷിർദ്ദി സായി ബാബാ മന്ദിർ, സത്യ സായി ബാബാ ക്ഷേത്രം, അയ്യപ്പ ക്ഷേത്രം, സായിഗണേഷ് ഹാൾ (കൺവെൻഷൻ ഹാൾ), ലൈബ്രറി ഇവയെല്ലാം സായിഗ്രാമത്തിന്റെ പ്രത്യേകതകളാണ്.

പാണ്ഡവന്മലയുടെ താഴ്വാരത്ത് മാമം നദിക്കരയിലുള്ള ഇരുപത്തിയഞ്ച് ഏക്കറോളം വരുന്ന അതി വിശാലമായി സായിഗ്രാമത്തിൽ താമസ സൗകര്യം ലഭ്യമാകാൻ.

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9349990380**

**450 Sq. Ft Single Flat (Single Bedroom, Attached Bathroom, Hall, Sitout ) Rs: 23 Lakh**







## കോട്ടേജുകളുടെ വിശദവിവരങ്ങളും വിലയും

**സിംഗിൾ ബെഡ്റൂം: 23 ലക്ഷം രൂപ**
**500 Sq.Feet**
(1 Bed Room + 1 Living Space + Pantry + Bath & Toilet)

**ഡബിൾ ബെഡ്റൂം: 36 ലക്ഷം രൂപ**
**1000 Sq.Feet**
(2 Bed Room + 1 Living Space + Pantry + Bath & Toilet)

## പത്രവാർത്തകളിലൂടെ


Mathrubhumi മാതൃഭൂമി

ഇന്ന് ലോക വയോജനദിനം

വയോധികർക്ക് 'സായൂജ്യ'വും 'സാകേത'വുമൊരുക്കി സായിഗ്രാമം


Mathrubhumi മാതൃഭൂമി

ഇതാ മോൺസൺ പറഞ്ഞ ലക്ഷങ്ങളുടെ ആ മാന്ത്രിക വിളക്ക്; വില 100 രൂപ


മലയാള മനോരമ

10.10.2021

സായിഗ്രാമം ക്യാംപ്

ആറ്റിങ്ങൽ ● എം എസ് ഡബ്ല്യു ബിരുദധാരികൾക്ക് സായിഗ്രാമം സംഘടിപ്പിച്ച രണ്ട് ദിവസത്തെ റസിഡൻഷ്യൽ ക്യാംപ് കെ. ജയകുമാർ ഐ എ എസ് ഉദ്ഘാടനം ചെയ്തു. ക്യാംപിൽ പങ്കെടുത്തവർക്ക് സത്യസായി ഓർഫനേജ് ട്രസ്റ്റ് എക്സിക്യൂട്ടീവ് ഡയറക്ടർ കെ. എൻ. ആനന്ദകുമാർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

## സംഭാവനകൾക്ക് 80 G ഇൻകം ടാക്സ് എക്സെംപ്ഷൻ

**ശ്രീ സത്യസായി ഓർഫനേജ് ട്രസ്റ്റ് – കേരളയിലേക്ക് അയക്കുന്ന സംഭാവനകൾക്ക് 80 G ഇൻകം ടാക്സ് എക്സെംപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.**

**ബാങ്ക് അക്കൗണ്ട് വിവരങ്ങൾ താഴെ ചേർക്കുന്നു**

**SRI SATHYA SAI ORPHANAGE TRUST- KERALA**

**STATE BANK OF INDIA**

SASTHAMANGALAM BRANCH

ACCOUNT NO: 67195893355

IFSC CODE: SBIN 0070023

OR

**SRI SATHYA SAI ORPHANAGE TRUST- KERALA.**

ICICI BANK

MEDICAL COLLEGE BRANCH, TRIVANDRUM.

ACCOUNT NO: 033601000443

IFSC CODE: ICIC 0000336



# ലോകത്തിൽ ആദ്യമായി പതിനഞ്ച് വർഷം പിന്നിട്ട 'സത്യം ശിവം സുന്ദരം'

## ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ടെലിവിഷൻ സംപ്രേഷണം ചെയ്യുന്ന പ്രോഗ്രാമുകൾ 25 വർഷം പൂർത്തിയായി

## ഇപ്പോൾ ജയ് ഹിന്ദ് ടി.വി യിൽ 1000 എപ്പിസോഡുകൾ പൂർത്തിയായി

### ജയ് ഹിന്ദ് ടി.വിയിൽ ഞായറാഴ്ച രാവിലെ 8.30ന് "സായിദർശനം" സംപ്രേഷണം ചെയ്യുന്നു

സത്യം ശിവം സുന്ദരത്തിലും സായിദർശനത്തിലും ഭഗവാന്റെ മഹത്വചനങ്ങളും സത്ചരിതത്തോടുമൊപ്പം സായിഗ്രാമത്തിൽ എത്തുന്ന വിശിഷ്ട വ്യക്തികളുടെ സന്ദേശങ്ങളും പ്രസംഗങ്ങളുമുണ്ട്. കലാസാഹിത്യ സാംസ്കാരിക രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിലെ നിരവധി ശ്രദ്ധേയരായ വ്യക്തികൾ സായിഗ്രാമത്തിൽ എത്തുന്നു. ഒപ്പം ആയിരക്കണക്കിന് സായിഭക്തരും. ഏവരുടേയും മനസ്സാണ് പ്രോഗ്രാമിലും കാണാൻ കഴിയുക.

YouTube | **SAI DARSHAN SAI GRAMAM**

ദയവായി എല്ലാവരും ട്രസ്റ്റിന്റെ യൂട്യൂബ് ചാനൽ **SUBSCRIBE** ചെയ്യുക!

**https://www.youtube.com/channel/UCXrwx_ntID2x31g6UKIG5pw**


# TRUST BOARD MEMBERS

Shri. S. K. Nair
Shri. K.V. Paul
Dr. K.S.S. Nair
Shri. C.K. Ravi
Shri. Perumbavoor. G. Raveendranath
Shri. S. Rana
Shri. P. Madhusoodhanan Pillai
Smt. Deepa Sukumaran Nair
Shri. P. Gopinathan FCA
Shri. K.C. Shiju
Shri. Sethunath R.
Shri. Vikram Bhai
Shri. Pazhayidam Mohanan Namboothiri
Sri.G.S.Sreekiran.
Smt.Jayasree
Shri. Sai Prem Shaji


## ട്രസ്റ്റിന്റെ ഓഫീസിൽ ലഭ്യമായിട്ടുള്ള പ്രസിദ്ധീകരണങ്ങൾ

| | | |
|---|---|---|
| **Diary 2021: Sri Sathya Sai** | : | 300 രൂപ |
| സായൂജ്യം, സായിയിലൂടെ | : | 103 രൂപ |
| ഷിർദ്ദി സായി ചരിതവും സത്യസായി വചനങ്ങളും | : | 25 രൂപ |
| സത്യം ശിവം സുന്ദരം (2 ഓഡിയോ സി.ഡി.കൾ) | : | 100 രൂപ |
| സത്യം ശിവം സുന്ദരം (9 സി.ഡി വാള്യം 1) | : | 1000 രൂപ വീതം |
| ശ്രീ സായി സത്ചരിതം | : | 150 രൂപ |
| ശ്രീ സത്യസായി രാമരക്ഷാ സ്തോത്രം | : | 5 രൂപ |
| ഗുരുദേവൻ | : | 5 രൂപ |
| The Royal Path leads to Puttaparthi | : | 10 രൂപ |
| Power in Temples | : | 225 രൂപ |
| ശ്രീ ഗണപതി | : | 80 രൂപ |
| അദ്ധ്യാത്മ രാമായണം (സംസ്കൃതത്തിൽ നിന്ന് പരിഭാഷ) | : | 200 രൂപ |
| അദ്ധ്യാത്മ രാമായണം (മലയാളം) | : | 295 രൂപ |
| പ്രാർത്ഥനാമഞ്ജരി | : | 240 രൂപ |
| മഞ്ചാടി മണികൾ (കവിതകൾ) | : | 20 രൂപ |
| സായിയെ അറിയാൻ | : | 45 രൂപ |
| സമ്പൂർണ്ണ ഹൈന്ദവ അനുഷ്ഠാനങ്ങൾ | : | 295 രൂപ |
| സായിഗ്രാമം വിശ്വശാന്തി ധാമം ഭാഗം - 1 | : | 100 രൂപ |
| സായിഗ്രാമം വിശ്വശാന്തി ധാമം ഭാഗം - 2 | : | 100 രൂപ |
| സായിഗ്രാമം വിശ്വശാന്തി ധാമം ഭാഗം - 3 | : | 200 രൂപ |
| എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ - എം. കെ. ഗാന്ധി | : | 30 രൂപ |
| അവതാരത്തിന്റെ ആദ്യ കിരണങ്ങൾ | : | 50 രൂപ |
| The Great Temples of India | : | 790 രൂപ |

NB: **പ്രസിദ്ധീകരണങ്ങൾ വേണ്ടവർ ട്രസ്റ്റിന്റെ ശാസ്തമംഗലം ഓഫീസുമായി ബന്ധപ്പെടുക.**



## SRI SATHYA SAI ORPHANAGE TRUST -KERALA


**FOUNDER CHAIRPERSON**
Justice. T. Chandrasekhara Menon (Late)

**FOUNDER & EXECUTIVE DIRECTOR**
Sri. K.N. Anand Kumar

**BENEFACTORS**
Princess Aswathy Tirunal Thampuratty

**CHAIRPERSON**
Justice. A. Lakshmikutty

**SENIOR VICE CHAIRPERSON**
Sri. K. Gopakumaran Nair

**VICE CHAIRPERSON**
Sri. S. Narayanan
Dr. P. Ambuja Bai

**CEO**
Adv. Annapoorna Devi

**DIRECTOR BOARD MEMBERS**
Sri. Ananda Sivaram
*(Saigramam International Chapter Chairperson)*
Padmasree. Dr. M. Subhadra Nair
Adv. Muttathara. A. Vijayakumar
Sri. Sreekanth. P. Krishnan
Prof. B. Vijayakumar

Regd. With Registrar of News Paper for India No KERMAL/2003/12104
Regn No. KL/TV(S)337/2019-2021
**Licensed to post without prepayment** License No. KL/TV(S)/WPP/180/2019-2021

**SAIMAHIMA** (Monthly)
Date of Publishing: **24 OCTOBER 2021**
₹ 10.00



## സായിഗ്രാമത്തിലെ പ്രതിഷ്ഠ

സമസ്ത ലോകാഃ
സുഖിനോ ഭവന്തു

**SRI SATHYA SAI ORPHANAGE TRUST-KERALA**
Sasthamangalam, Trivandrum - 695010, Tel: 0471-2721422, 85930 31422, Fax: 2723522
Email: saigramam@gmail.com, www.saigramamaglobalvillage.org

Edited Printed Published & Owned by K.N. ANANDAKUMAR
Published From Sri Sathya Sai Orphanage Trust - Kerala, TC. 9/1108, Sasthamangalam, Trivandrum - 695010
Printed at Akshara Offset, Vanchiyor, Thiruvananthapuram